**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി III**

**(SUBJECT COMMITTEE III)**

**ജലവിഭവം**

**(WATER RESOURCES)**

# ആനുകാലിക റിപ്പോർട്ട്

**(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)**

# PERIODICAL REPORT

**(FROM 1st APRIL 2024 TO 31st MARCH 2025)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2025 സെപ്റ്റംബർ 29-ാം തീയതി സമർപ്പിച്ചത്**

**(Presented on 29 th september, 2025)**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**തിരുവനന്തപുരം**

**SECRETARIAT OF THE KERALA LEGISLATURE**

**THIRUVANANTHAPURAM**

**2025**

പതിനഞ്ചാം കേരള നിയമസഭ
(FIFTEENTH KERALA LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി III
(SUBJECT COMMITTEE III)

# ജലവിഭവം
# (WATER RESOURCES)

# ആനുകാലിക റിപ്പോർട്ട്
(2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ളത്)

# PERIODICAL REPORT
(FROM 1st APRIL 2024 TO 31st MARCH 2025)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

# ഉള്ളടക്കം

**പേജ്**


| | |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 4 |

**സബ്ജക്റ്റ് കമ്മിറ്റി III**

**(ജലവിഭവം)**

(2023-2026)

**ഘടന**

ചെയർപേഴ്സൺ :

ശ്രീ. റോഷി അഗസ്റ്റിൻ,
ജലവിഭവ വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. ആന്റണി രാജു

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. എ. മജീദ്

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. മാണി സി. കാപ്പൻ

ശ്രീ. കെ. ജെ. മാക്സി

ശ്രീ. എച്ച്. സലാം

ശ്രീ. ടി. സിദ്ദിഖ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ.ആർ.എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി.

# അവതാരിക

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ ചെയർപേഴ്സണായ ഞാൻ, സമിതിയുടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരം സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III (2023-26), 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ പരിഗണിച്ച വിവിധ വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ സമിതി 22.05.2024, 27.06.2024, 31.08.2024, 17.02.2025, 20.02.2025, 25.02.2025, എന്നീ തീയതികളിലായി 6 യോഗങ്ങൾ ചേരുകയുണ്ടായി. 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയത് സംബന്ധിച്ച് കരട് റിപ്പോർട്ട്, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി പത്രികകൾ, 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, ആയത് സംബന്ധിച്ച് കരട് റിപ്പോർട്ട്, സമിതിയുടെ മറ്റ് ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ എന്നിവയുടെ പരിഗണന, സമിതിയുടെ മുൻകൂർ അനുമതി കൂടാതെ എസ്. ആർ. ഒ. പുറപ്പെടുവിച്ച നടപടിക്ക് സാധൂകരണം നൽകൽ എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 52% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അധ്യായം I - സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അധ്യായം II - സമിതി പരിശോധിച്ച ബില്ലുകൾ

അധ്യായം III - സമിതി പരിഗണിച്ച ചട്ടങ്ങൾ, എസ്.ആർ. ഒ -കൾ

അധ്യായം IV - നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അധ്യായം V - സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

അധ്യായം VI - (a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

(b) സമിതി പരിഗണിച്ച വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകകളിന്മേലുള്ള നടപടി സ്റ്റേറ്റുമെന്റുകളുടെ വിശദാംശങ്ങൾ

അധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ.

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2025 സെപ്റ്റംബർ 18- ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം
2025 സെപ്റ്റംബർ 29

**റോഷി അഗസ്റ്റിൻ,**
ചെയർപേഴ്സൺ ,
സബ്ജക്ട് കമ്മിറ്റി III.

# 01.04.2024 മുതൽ 31.03.2025 വരെയുള്ള ആനുകാലിക റിപ്പോർട്ട്

## അധ്യായം –I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് 2024 ജൂൺ മാസം 10-ാം തീയതി സഭയിൽ സമർപ്പിച്ചു.

2) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2024 ജൂലൈ മാസം 09-ാം തീയതി സഭയിൽ സമർപ്പിച്ചു.

3) സമിതിയുടെ 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 2024 ജൂലൈ മാസം 09-ാം തീയതി സഭയിൽ സമർപ്പിച്ചു.

4) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് മാസം 03-ാം തീയതി സഭയിൽ സമർപ്പിച്ചു.

## അധ്യായം –II

## സമിതി പരിശോധിച്ച ബില്ലുകൾ

ഇല്ല.

## അധ്യായം –III

## സമിതി പരിഗണിച്ച ചട്ടങ്ങൾ / എസ്.ആർ.ഒകളുടെ വിശദാംശങ്ങൾ

സമിതിയുടെ 22.05.2024-ലെ യോഗം, കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ്,2022 (S.R.O.No.494/2022) പരിഗണിക്കുകയും സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ എസ്.ആർ.ഒ. പുറപ്പെടുവിക്കാനുണ്ടായ അടിയന്തര സാഹചര്യം സംബന്ധിച്ച കുറിപ്പുകൾ പരിശോധിക്കുകയും പ്രസ്തുത എസ്.ആർ. ഒ.- പുറപ്പെടുവിച്ച നടപടി സമിതി സാധൂകരിക്കുകയും ചെയ്തു .

## അധ്യായം -IV

### നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

ഇല്ല.

## അധ്യായം -V

### സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2019-20 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് | 02.07.2024 |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2021-22 (കാലതാമസ പത്രിക സഹിതം) | ജലവിഭവ വകുപ്പ് (കേരള വാട്ടർ അതോറിറ്റി) | |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2021-22 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് | |
| XX-ശുദ്ധജലവിതരണവും ശുചീകരണവും | 2023-24 | ജലവിഭവ വകുപ്പ് (കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസി (ജലനിധി-KRWSA)) | |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2023-24 | കേരള സംസ്ഥാന ഭൂജലവകുപ്പ് | |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2023-24 | ജലവിഭവ വകുപ്പ് | 08.10.2024 |
| XXXVIII-ജലസേചനം | 2023-24 | ജലവിഭവ വകുപ്പ് , ഇറിഗേഷൻ പ്രോജക്ട്-I, ഇറിഗേഷൻ പ്രോജക്ട്-2, കുട്ടനാട് പാക്കേജ്, ഐ.ഡി.ആർ.ബി | |

| | | | |
|---|---|---|---|
| XX- ശുദ്ധജലവിതരണവും ശുചീകരണവും | 2022-23 (കാലതാമസ പത്രിക സഹിതം) | കേരള വാട്ടർ അതോറിറ്റി | 18.03.2025 |
| XXIX-കൃഷി (ചെറുകിട ജലസേചനം) | 2022-23 (കാലതാമസ പത്രിക സഹിതം) | കേരള സംസ്ഥാന ഭൂജലവകുപ്പ് | |

## അധ്യായം -VI

a) 2024-25-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരങ്ങൾ സംബന്ധിച്ച സംഗ്രഹം.

(ഫയൽ നം. 11269/സബ്. സി. എ 1/2024/ നി.സെ)

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 87 | 1 -87 | ഇല്ല | ഇല്ല |

b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്താത്ത താഴെ പറയുന്ന റിപ്പോർട്ടിലെ ശിപാർശയിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പ് മന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

(ഫയൽ നം. 5364/സബ്. സി. എ 1/2023/നി.സെ)

**ശിപാർശ (ഖണ്ഡിക നമ്പർ 29)**

**2702- 01- 800- 88-33** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2022-23 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

06.02.2024-ലെ 1090/2024/ Fin നമ്പർ ഗവൺമെൻറ് ഉത്തരവ് പ്രകാരം 10 കോടി രൂപ അധിക ധനവിനിയോഗാനുമതിയായി ലഭിച്ചിട്ടുണ്ട്.

(ജലവിഭവ (പി. എസ്) വകുപ്പ് കത്ത് നമ്പർ പി. എസ്1/23/2023-ജ.വി.വ തീയതി 14.08.2024 പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക 20.02.2025-ലെ യോഗം അംഗീകരിച്ചു.ആയതിന്മേലുള്ള കാലതാമസപത്രിക 08.10.2024-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.)

## അധ്യായം -VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചില്ല.

തിരുവനന്തപുരം.
2025 സെപ്റ്റംബർ 18

**റോഷി അഗസ്റ്റിൻ,**
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി III.

## അനുബന്ധം

### 1. 22.05.2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 മേയ് മാസം 22-ാം തീയതി ബുധനാഴ്ച ഉച്ചക്കുശേഷം 02.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.,
2. ശ്രീ. ലിന്റോ ജോസഫ്, "
3. ശ്രീ. സി. ആർ. മഹേഷ്, "
4. ശ്രീ. കെ. പി. എ. മജീദ്, "
5. ശ്രീ. പി. മമ്മിക്കുട്ടി, "

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീമതി ഷബാന അഞ്ജും., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീമതി ഹെലീന തോമസ്, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി ഉമ ദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീമതി ഷീജ കെ., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
5. ശ്രീ. സുകുമാരൻ നായർ ജി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
6. ശ്രീമതി ദീപ എൻ. സി., ഡെപ്യൂട്ടി സെക്രട്ടറി, ജലവിഭവ വകുപ്പ്
7. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ &

അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

8. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

9. ശ്രീ. സതീശൻ സി.,ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

10. ശ്രീ. സിനോഷ് സി.എസ്.,ചീഫ് എഞ്ചിനീയർ (പ്രോജക്ട്-I, കോഴിക്കോട്), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

11. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

12. ശ്രീ. മനു ബി., ചീഫ് എഞ്ചിനീയർ (പി.&ഒ.), കേരള വാട്ടർ അതോറിറ്റി

13. ശ്രീമതി ബിന്ദു ടി.ബി.,ചീഫ് എഞ്ചിനീയർ (എൻ.ആർ.), കേരള വാട്ടർ അതോറിറ്റി

14. ശ്രീ. ധർമ്മലക്ഷ്മി ഡി., ഡയറക്ടർ, ഭൂജല വകുപ്പ്

15. ശ്രീമതി ശ്രീദേവി പി., ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്

16. ഡോ. ദിനേശൻ ചെറുവാട്ട്, ജോയിന്റ് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

17. ശ്രീ. സേതുകുമാർ എസ്., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി

18. ശ്രീമതി ബീന തങ്കം പി. എൽ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്

19. ശ്രീ. ചന്ദ്രകുമാർ സി. ആർ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, (പി.ഐ.യു.-3), കേരള വാട്ടർ അതോറിറ്റി

20. ശ്രീ. കൃഷ്ണകുമാർ വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി.ഐ.യു.-2, കേരള വാട്ടർ അതോറിറ്റി

21. ശ്രീ. ഗോപകുമാർ ജി. എസ്., സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി

22. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ, (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്

23. ശ്രീ. ഷൈജു പി. എം., സീനിയർ ഫിനാൻസ് ഓഫീസർ, (പ്രോജക്ട്-I, കോഴിക്കോട്), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്

24. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ്

ഓഫീസർ, കേരള വാട്ടർ അതോറിറ്റി

പ്രസ്തുത യോഗത്തിൽ എസ്.ആർ.ഒ. സാധൂകരണം, ബഹു.സ്പീക്കറുടെ 12.06.2019-ലെ റൂളിംഗിന്മേലുള്ള തുടർനടപടി, സമിതിയുടെ വിവിധ യോഗനിർദ്ദേശങ്ങളിന്മേലുള്ള നടപടി പത്രികകൾ, വാർഷിക പ്രവർത്തന റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികകൾ, ശ്രദ്ധയിൽപ്പെടുത്തുന്നതിനായുള്ള ഫയലുകൾ എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## (I)എസ്. ആർ.ഒ. സാധൂകരണം

1. **കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ് ) റൂൾസ്, 2022 (S.R.O. No 494/2022) സാധൂകരണം**

(ഫയൽ നം. 2295/ സബ്.സി.എ 1/2024/നി.സെ)

കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2022-ന്മേൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 494/2022 പരിഗണിച്ച വേളയിൽ പ്രസ്തുത എസ്.ആർ.ഒ സാധൂകരിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ (എം.ഐ) വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും ജലസേചനാവശ്യങ്ങൾക്കൊഴികെ ഉപയോഗിക്കുന്ന ജലത്തിന് നിശ്ചയിച്ചിട്ടുള്ള വിലയോടൊപ്പം യൂണിറ്റുകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ചട്ടമാണിതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി ആമുഖമായി പറഞ്ഞു.

കരട് ചട്ടം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കയയ്ക്കാതെ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിച്ച നടപടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ മനഃപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കി മാപ്പാക്കണമെന്നും ഇതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള മറുപടി അംഗീകരിക്കണമെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു.

സാങ്കേതിക കാരണങ്ങളാലാണ് യഥാസമയം കരട് ചട്ടം സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കാൻ കഴിയാഞ്ഞതെന്ന് വിലയിരുത്തിയ സമിതി, ഭാവിയിൽ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന നിർദ്ദേശത്തോടെ **സമിതിയുടെ മുൻകൂർ അനുമതി കൂടാതെ എസ്.ആർ.ഒ. നമ്പർ 494/2022 പുറപ്പെടുവിച്ച നടപടി സാധൂകരിച്ചു.**

## (ii) ബഹു. സ്പീക്കറുടെ 12.06.2019-ലെ റൂളിംഗ്- തുടർനടപടി

2. **ബഹു. സ്പീക്കറുടെ 12.06.2019-ലെ റൂളിംഗ്- ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ടരൂപീകരണത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ വിശദീകരണം- 10.01.2024-ലെ സമിതിയോഗത്തിന്റെ നിർദ്ദേശപ്രകാരമുള്ള പുനഃപരിശോധന**

(ഫയൽ നം. 3355/സബ്.സി.എ 1/2019/നി.സെ)

ബഹു. സ്പീക്കറുടെ 12.06.2019-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം സംബന്ധിച്ച കരട് ചട്ടരൂപീകരണത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ വിശദീകരണം പരിശോധിച്ച സമിതി , 2003-ൽ പുറപ്പെടുവിച്ച ആക്റ്റിൽ ഫാർമേഴ്സ് അസോസിയേഷനുകളുടെ അപ്പെക്സ് ബോഡി എന്ന നിലയിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രൊവിഷനുണ്ടോ എന്നത് പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ആക്റ്റിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ചുമാത്രമേ ചട്ടങ്ങൾ രൂപീകരിക്കാൻ കഴിയുകയുള്ളൂവെന്ന് അറിയിക്കുകയും ചെയ്തു. തുടർന്ന് ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണത്തിന്റെ വ്യവസ്ഥകൾ 2005-ൽ ഇറക്കിയ ചട്ടങ്ങളിലും 2018-ലെ ഭേദഗതിയിലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ ഇതുസംബന്ധിച്ച് ചട്ടങ്ങൾ രൂപീകരിക്കേണ്ടതില്ല എന്നാണ് നിയമ വകുപ്പ് വ്യക്തമാക്കിയിട്ടുള്ളതെന്ന് പരാമർശിക്കുകയും നിലവിലുള്ള ആക്റ്റുപ്രകാരം എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കുന്നതിന് നിയമപരമായി സാധുതയുണ്ടോ എന്നത് വിശദമായി പരിശോധിച്ച് മറുപടി ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## (III) നടപടിപത്രികകളുടെ പരിഗണന

3. **21.06.2018-ലെ സമിതിയോഗ നിർദ്ദേശം നമ്പർ (1), (2) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നം. 525/സബ്.സി.എ 1/2019/നി.സെ.)

**1-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ വയനാട്, ഇടുക്കി ജില്ലകളിലെ മഴനിഴൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി 8 പ്രവൃത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതിൽ ഇടുക്കി ജില്ലയിൽ വിഭാവനം ചെയ്തിരുന്ന 6 പ്രവൃത്തികളിൽ മൂന്നെണ്ണം പൂർത്തിയാക്കുകയും ഭൂമി

സംബന്ധമായ പ്രശ്നം, ഏക ഗുണഭോക്താവ് എന്നീ കാരണങ്ങളാൽ ശേഷിച്ച മൂന്ന് പ്രവൃത്തികൾ ഉപേക്ഷിക്കേണ്ടിവന്നുവെന്നും മീനങ്ങാടി പഞ്ചായത്തിലെ മണിവയൽ ആർ.സി.ബി., മാനന്തവാടി മൊട്ടംകരയിലെ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയതിൽ മണിവയൽ ആർ.സി.ബി.-യുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും സർക്കാരിൽ സമർപ്പിച്ചെങ്കിലും ഭരണാനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ പ്രൊപ്പോസൽ നിലവിൽ NABARD RIDF-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരികയാണെന്നും മാനന്തവാടി മൊട്ടംകരയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട വിഷയം മാത്രമാണ് ബാക്കിയുള്ളതെന്നും കണക്ഷൻ ലഭിച്ചാലുടൻ പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു.

പ്രവൃത്തി ഏറ്റെടുക്കുന്ന സമയത്തുതന്നെ ഭൂമി സംബന്ധമായ പ്രശ്നം, ഏക ഗുണഭോക്താവ് എന്നീ കാരണങ്ങളാൽ പൂർത്തിയാക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് കണ്ടെത്തി അതിനുപകരം മറ്റൊരു പ്രവൃത്തി ഏറ്റെടുത്താൽ ഫണ്ട് നഷ്ടമാകുന്നത് തടയാൻ കഴിയുമെന്നും ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു**

**2-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ നിലവിൽ തയ്യാറാക്കിയ കുളങ്ങളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റിൽ മാറ്റം വരുത്താൻ സാധിക്കാത്തതിനാൽ ഭാവിയിൽ അതത് സ്ഥലത്തെ ജനപ്രതിനിധികളുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം മാത്രമേ പുനരുദ്ധാരണ പ്രവൃത്തികൾക്കായി കുളങ്ങൾ തെരഞ്ഞെടുക്കാൻ പാടുള്ളുവെന്ന് സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

4. **<u>23-10-2019-ലെ സമിതിയോഗ നിർദ്ദേശം നം (7), (8) എന്നിവയിന്മേൽ 26-04-2023-ലെ സമിതിയോഗ നിർദ്ദേശ പ്രകാരം ജലവിഭവ വകുപ്പ് ലഭ്യമാക്കിയ പുതുക്കിയ നടപടി റിപ്പോർട്ട്</u>**
(ഫയൽ നം.6765/സബ്.സി.എ 1/2019/നി.സെ)

**7-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ സ്റ്റേറ്റ് പ്ലാൻ പദ്ധതിയുടെ പരിധിയിൽ വരുന്നതും പൂർത്തീകരിച്ചതുമായ പ്രവൃത്തികളുടെ 2017 മുതലുള്ള കുടിശ്ശിക ബില്ലുകളുടെ വിശദാംശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ നടപടി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2017 മുതലുള്ള കുടിശ്ശിക ബില്ലുകളെല്ലാം തീർപ്പാക്കിയിട്ടുണ്ടെന്നും നിലവിൽ കുടിശ്ശിക ബില്ലുകൾ ഇല്ല എന്നുമുള്ള വിവരം കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**8-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങളും ആയതുമായി ബന്ധപ്പെട്ടുള്ള കേസുകളും അവയുടെ നിലവിലെ സ്ഥിതിയും ഭൂമി സംബന്ധമായ വിവരങ്ങളും അടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കിയോ എന്നത് സംബന്ധിച്ച് ആരാഞ്ഞു. തിരുവനന്തപുരം ജില്ലയിലെ 45 കയ്യേറ്റങ്ങളുടെയും കണ്ണൂർ ജില്ലയിലെ മൂന്ന് കയ്യേറ്റങ്ങളുടെയും വിശദാംശങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് 23.10.2023-ന് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും മറ്റ് ജില്ലകളിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും എത്രയുംവേഗം റിപ്പോർട്ട് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലകളിലേയ്ക്ക് കത്തയച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് എല്ലാ ജില്ലകളിലുമുള്ള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച വിശദമായ മറുപടി ലഭിച്ചാൽ മാത്രമേ ഈ വിഷയം അവസാനിപ്പിക്കാൻ സാധിക്കുകയുള്ളുവെന്നും മറ്റ് ജില്ലകളിലെ കയ്യേറ്റങ്ങൾ സംബന്ധിച്ച് ലഭ്യമാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ കൂടി അടിയന്തരമായി ലഭ്യമാക്കി എല്ലാ ജില്ലകളുടെയും റിപ്പോർട്ട് ഒരുമിച്ച് സമിതിക്ക് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ **പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു .**

**5. 16-06-2021, 22-06-2021, 05-07-2021 തീയതിയികളിലെ സമിതിയോഗ നിർദ്ദേശം നമ്പർ (1), (9) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ**

(ഫയൽ നം. 14448/സബ്.സി.എ 1/2021 നി.സെ)

**1-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, കുട്ടനാടിലേതടക്കമുള്ള വിവിധ ജലാശയങ്ങളിൽ പോള മാറ്റുന്നതിനുണ്ടാകുന്ന ആവർത്തനച്ചെലവ് കുറയ്ക്കുന്നതിനുതകുന്ന വിധത്തിൽ യന്ത്രവൽകൃത സംവിധാനങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു. ആയതിന് കുട്ടനാടിലേതടക്കമുള്ള വിവിധ ജലാശയങ്ങളിൽ പോള മാറ്റുന്നതുമായി ബന്ധപ്പെട്ട ആവർത്തന ചെലവിനെക്കുറിച്ചുള്ള സാധ്യതാ പഠനം നടത്തണമെന്ന സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരളം മുഴുവൻ പഠനം നടത്തേണ്ടതുണ്ടെന്നും സാധ്യതാപഠനം നടത്തണമെങ്കിൽ കേരളത്തിൽ പായലും പോളകളും അടിഞ്ഞുകൂടി കിടക്കുന്ന ജലാശയങ്ങളെ സംബന്ധിച്ച് കൃത്യമായ വിവരം ലഭിക്കണമെന്നും അതിലേക്കായി ഒരു ഏജൻസിയേയോ/ ഓഫീസറേയോ ചുമതലപ്പെടുത്തണമെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ) സമിതിയെ അറിയിച്ചു. പോള മാറ്റുന്നതിനായി ജലസേചന വകുപ്പിലെ മെക്കാനിക്കൽ വിഭാഗത്തിന് ഒരു മെഷീനറി മാത്രമാണുള്ളതെന്നും മിനിറ്റിൽ 2.5 മീറ്റർ സ്ക്വയറിലെ പായലും പോളകളും നീക്കം ചെയ്യാൻ മാത്രം ശേഷിയുള്ള പ്രസ്തുത മെഷീൻ ഉപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിനായി ആദ്യം തെരഞ്ഞെടുത്തത് പായലും പോളകളും ഏറ്റവും കൂടുതൽ അടിഞ്ഞുകൂടി കിടക്കുന്ന കുട്ടനാടിലെ കൈനകരി മേഖലയാണെന്നും അദ്ദേഹം തുടർന്നറിയിച്ചു. കുട്ടനാടും കോട്ടയത്തിനോട് ചേർന്ന് കിടക്കുന്ന വെറ്റ് ലാൻഡിലെ 7000 ഹെക്ടറോളം സ്ഥലവും ഒരു മെഷിനറി മാത്രം ഉപയോഗിച്ച് വൃത്തിയാക്കാൻ 58000 ദിവസം വേണ്ടിവരുമെ ന്നതുകൊണ്ട് അധികമായി ഒരു വീഡ് ഹാർവെസ്റ്റർ മെഷീനുംകൂടി വാങ്ങുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി അപ്രകാരം ഒരു മെഷീൻ കൂടി വാങ്ങി കൈനകരി പ്രദേശത്തെ പോളമാത്രം മാറ്റുന്നതിന് 483 ദിവസം വേണ്ടിവരുമെന്നതിനാലും പുതിയ മെഷീനറി വാങ്ങി സൂക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി വളരെയധികം സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നതിനാലും അത് പ്രയോഗികമായില്ലായെന്നും പുതിയ

മെഷീനറി വാങ്ങുന്നതിനായി തയ്യാറാക്കിയ ഒരു കോടി നാൽപ്പത്തിമൂന്ന് ലക്ഷം രൂപയുടെ ഡി.പി.ആർ.-ന് അനുമതിയോ ഫണ്ടോ ലഭിച്ചിട്ടില്ലായെന്നും തുടർന്ന് മറ്റൊരു പഠന റിപ്പോർട്ടിന്റെ ഭാഗമായി വകുപ്പിന്റെ കൈവശമുള്ള വീഡ് ഹാർവെസ്റ്റർ കൂടാതെ സ്വകാര്യ വ്യക്തികളിൽ നിന്ന് മറ്റൊരു മെഷീൻ കൂടി വാടകയ്ക്കെടുത്ത് കൈനകരി പ്രദേശം മാത്രം വൃത്തിയാക്കുന്നതിനായി 77 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും പോളകൾ അധികമായി അടിഞ്ഞുകൂടിയ ഭാഗങ്ങൾ വൃത്തിയാക്കിയാൽ ബാക്കിയുള്ളവ സ്വാഭാവിക ഒഴുക്കിലൂടെ പോകാൻ സാധ്യതയുള്ള രീതിയിലുള്ള പഠന റിപ്പോർട്ടാണുള്ളതെന്നും കൂട്ടിച്ചേർത്തു.

പോള മാറ്റുന്നത് സംബന്ധിച്ച് കേരളം മുഴുവൻ പഠനം നടത്തുന്നതിൽ പ്രശ്നമില്ലായെന്നും എന്നാൽ ഇതിനാവശ്യമായ മുഴുവൻ ഉപകരണങ്ങളും വാങ്ങുന്നതും പോളകൾ മാറ്റുന്നതിനുള്ള പ്രവൃത്തി നടത്തുന്നതിനായി ധാരാളം ദിവസം എടുക്കുന്നതും പ്രായോഗികമല്ലായെന്നും അഭിപ്രായപ്പെട്ട സമിതി കുളവാഴ/പോള മാറ്റുന്നതുമായി ബന്ധപ്പെട്ട പ്രശ്നം ഏറ്റവും കൂടുതലുള്ളത് കുട്ടനാട് പ്രദേശത്താണെന്നും പഞ്ചായത്ത് ഫണ്ട് പ്രസ്തുത പ്രവൃത്തിക്കായി ഉപയോഗിക്കാൻ സാധിക്കുമോയെന്ന് ആരാഞ്ഞുകൊണ്ട് അവിടത്തെ പഞ്ചായത്തുകൾക്ക് കത്ത് നൽകണമെന്നും നിർദ്ദേശിച്ചു.

നിലവിലുള്ള മെഷീൻ ഉപയോഗിച്ച് പോള മാറ്റുന്ന പ്രവൃത്തി ചെയ്യുകയും ആവശ്യം വരുന്ന മുറയ്ക്ക് തവണകൾ വർദ്ധിപ്പിച്ച് കൂടുതൽ സ്ഥലങ്ങളിൽ പോളകൾ നീക്കംചെയ്യാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്നും സമിതി കൂട്ടിച്ചേർത്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു .**

**9-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ അനധികൃതമായി പ്രവർത്തിക്കുന്ന റിഗ്ഗുകൾക്ക് പിഴ ഈടാക്കുന്നതിനുകൂടി വ്യവസ്ഥ ചെയ്യുന്ന തരത്തിൽ രജിസ്ട്രേഷൻ നിയമം പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട ഓർഡിനൻസ് ഇറക്കിയിട്ടുണ്ടെന്ന് ഭൂജല വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

6. **<u>22-07-2020-ലെ സമിതിയോഗ നിർദ്ദേശം നമ്പർ(4)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>**

(ഫയൽ നം. 4117/സബ്.സി.എ 1/2020)/നി.സെ)

**4-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരള വാട്ടർ അതോറിറ്റി സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള കോഴിക്കോട് ജില്ലയിലെ മാവൂർ തത്തൂർ പൊയിൽ കുടിവെള്ള പദ്ധതിയുടെ കിണറും പമ്പ് ഹൗസും ഉൾപ്പെടെയുള്ള 35 സെന്റ് സ്ഥലം, ജലസേചന വകുപ്പിന് കൈമാറാൻ സാധിക്കില്ലെന്നും പ്രസ്തുത ഭൂമി കൈമാറ്റം സംബന്ധിച്ച് കളക്ടറോട് അഭിപ്രായം ആരാഞ്ഞതിൻപ്രകാരം ജില്ലാ കളക്ടർ ജൂൺ 2023-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് കത്ത് നൽകുകയും വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള ഭൂമി ജലസേചന വകുപ്പിന് കൈമാറിയാൽ മാത്രമേ ഡ്രിപ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്നും ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ) സമിതിയെ അറിയിച്ചു. സേവന വകുപ്പിന്റെ നിർവ്വചനത്തിൽ ഉൾപ്പെട്ടുവരുന്നവർക്കുമാത്രമേ ഭൂമി കൈമാറാൻ സാധിക്കുകയുള്ളൂവെന്നതിനാൽ കൈവശ രേഖ നൽകുന്നത് സംബന്ധിച്ച് ജൽജീവൻ മിഷൻ നിലവിൽ വന്ന സമയത്ത് എടുത്ത തീരുമാന പ്രകാരം സേവന വകുപ്പുകളുടെയും ഡിപ്പാർട്ടുമെന്റുകളുടെയും സർവ്വേ എടുക്കാൻ കളക്ടറെ അധികാരപ്പെടുത്തി ഇറക്കിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അനുവദനീയമായ അനുമതി നൽകാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധിക്കണമെന്നും സമിതിയിൽ ഇന്നുനടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അനുവദനീയമായ അനുമതി നൽകുന്നതിന് വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രസ്തുത സ്ഥലം ചെറുകിട ജലസേചന വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് മുൻയോഗത്തിൽ സമിതിയെ ധരിപ്പിച്ചതിൻ പ്രകാരമാണ് ഇത്തരത്തിലൊരു ശിപാർശ സമിതി നൽകിയതെന്നും എന്നാൽ അതിന്മേൽ വകുപ്പിൽനിന്നും ഇപ്പോൾ ലഭ്യമാക്കിയ മറുപടിയിൽ കേരള വാട്ടർ അതോറിറ്റി നാളിതുവരെ പ്രസ്തുത സ്ഥലം കൈമാറിയിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നതെന്നും സമിതിയെ ഇത്തരത്തിൽ തെറ്റിദ്ധരിപ്പിച്ചതുകൊണ്ടാവാം

തെറ്റായൊരു ശിപാർശ നൽകാൻ ഇടയാക്കിയതെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ഇനി ഇത്തരം കാര്യങ്ങൾ ആവർത്തിക്കാൻ പാടില്ലായെന്നും നിയമസഭാ സമിതിയെ ഗൗരവത്തോടെ സമീപിക്കുകയും നിയമസഭാ സമിതിക്ക് മുമ്പാകെ വരുന്നതിനുമുമ്പ് ഒന്നോ രണ്ടോ തവണ ഉദ്യാഗസ്ഥരുടെ യോഗം ചേർന്ന് വിവരങ്ങൾ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയതിനുശേഷമേ സമിതി മുമ്പാകെ റിപ്പോർട്ട് നല്കാവൂയെന്നും റിപ്പോർട്ടിലെ തെറ്റ് തിരുത്തിയില്ലെങ്കിൽ അത് അങ്ങനെതന്നെ അവശേഷിക്കുമെന്നതിനാൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും സമിതി ബന്ധപ്പെട്ട ഉദോഗസ്ഥരെ താക്കീത് ചെയ്തു .

തുടർന്ന് കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള മാവൂർ തത്തൂർ പൊയിൽ കുടിവെള്ള പദ്ധതിയുടെ ഉപയോഗശൂന്യമായ 35 സെന്റ് സ്ഥലം മൈനർ ഇറിഗേഷൻ വകുപ്പിന് വിട്ടുകൊടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അനുമതി നൽകിയിരുന്നു എന്ന് അറിയിച്ചുകൊണ്ട് 21-05-2024-ൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത നടപടി തുടരുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു .**

**7. 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച 12.04.2022-ലെ സമിതിയോഗ നിർദ്ദേശം (3)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നം. 12030/സബ്.സി.എ 1/2022/നി.സെ.)

**3-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരളത്തിനനുവദിച്ചിട്ടുള്ള 30TMC ജലം കബനി ബേസിനിൽ 21 TMC, ഭവാനി ബേസിനിൽ 6 TMC, പാമ്പാർ ബേസിനിൽ 3 TMC എന്ന രീതിയിലാണ് അനുവദിച്ചിട്ടുള്ളതെന്നും പ്രധാനപ്പെട്ട രണ്ട് പ്രോജക്ടുകളായ കാരാപ്പുഴ (2.7 TMC), ബാണാസുര സാഗർ (7.39TMC), മറ്റ് മൈനർ ഇറിഗേഷൻ സ്കീമുകൾ എന്നിവയിലുൾപ്പെടെ ഏകദേശം 11-12 TMC ജലമാണ് നിലവിൽ ഉപയോഗിച്ചുവരുന്നതെന്നും ബാണാസുര സാഗർ, കാരാപ്പുഴ എന്നിവപോലെ ഏകദേശം 30-40 മീറ്റർ ഉയരമുള്ള ഡാമുകളുടെ സംഭരണ ശേഷി 2.7 TMC-യും 7.31 TMC-യും മാത്രമാണെന്നും നിലവിൽ നിർമ്മാണം നടന്നുവരുന്നതും ഏകദേശം 25 മീറ്റർ

ഉയരമുള്ളതുമായ പാമ്പാർ ബേസിനിൽപ്പെട്ട പട്ടിശ്ശേരി ഡാമിന്റെ സംഭരണ ശേഷി 0.002 TMC ജലം മാത്രമായതിനാൽ ചെക്ക് ഡാമിന്റെ സംഭരണ ശേഷി സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ടെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW, ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ചെക്ക് ഡാം നിർമ്മിച്ചതുകൊണ്ടുമാത്രം 30 TMC ജലം ഉപയോഗപ്പെടുത്താൻ സാധിക്കില്ലെന്നും കാവേരി ബേസിനിൽ അവാർഡ് ചെയ്തിട്ടുള്ളതിൽനിന്ന് 4.27 TMC ജലം മൈനർ ഇറിഗേഷൻ സ്കീമുകൾക്കായി ഉപയോഗപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം "പ്രോജക്ട്സ് ഇൻ കാവേരി ബേസിൻ" എന്ന പേരിൽ പല മൈനർ ഇറിഗേഷൻ സ്കീമുകളും ചെയ്തുവരുന്നുണ്ടെന്നും അടുത്ത അവലോകനം 2033-ലായതിനാൽ 9 വർഷം കൂടിമാത്രമേ ജഡ്ജ്മെന്റിന്റെ കാലാവധിയുള്ളൂവെന്നും അദ്ദേഹം തുടർന്നറിയിച്ചു.

അടുത്ത അവലോകനത്തിന് മുൻപ് മേൽസൂചിപ്പിച്ച കാര്യങ്ങളിൽ ഒരു തീരുമാനമെടുത്തില്ലെങ്കിൽ അനുവദിച്ച ജലം ഉപയോഗപ്പെടുത്തുന്നില്ലെന്ന കാരണത്താൽ ജലനഷ്ടമുണ്ടാകാൻ സാധ്യതയുണ്ടെന്നും പ്രസ്തുത സാഹചര്യംകൂടി കണക്കിലെടുത്തുവേണം കാര്യങ്ങൾ ചെയ്യേണ്ടതെന്നും അഭിപ്രായപ്പെട്ട സമിതി, അട്ടപ്പാടി പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് ആരാഞ്ഞു. പ്രസ്തുത പ്രോജക്ടിന്റെ ടെക്നിക്കൽ ക്ലിയറൻസുമായി ബന്ധപ്പെട്ട നടപടികൾ ഏകദേശം പൂർത്തിയായിവരുന്നുണ്ടെന്നും ഫോറസ്റ്റ് ക്ലിയറൻസുൾപ്പെടെയുള്ളവ ലഭ്യമാക്കേണ്ടതുണ്ടെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW,ചീഫ് എഞ്ചിനീയർ മറുപടി നല്കി.

തുടർന്ന് കടമാൻ തോട്, തൊണ്ടാർ എന്നീ പ്രോജക്ടുകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് സമിതി ആരാഞ്ഞു. പ്രസ്തുത പദ്ധതി നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും കടമാൻ തോട് ജലസേചന പദ്ധതിയിൽ 0.51 TMC ജലം ശേഖരിക്കാനാണുദ്ദേശിക്കുന്നതെന്നും ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW,ചീഫ് എഞ്ചിനീയർ മറുപടി നല്കി.

കേരളം ജലസംരക്ഷണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലെന്നുള്ള വിമർശനമാണ് പൊതുവെയുള്ളതെന്നും കാവേരി ബേസിനിൽനിന്നും ലഭിച്ചിട്ടുള്ള ജലം പ്രയോജനപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള

നടപടി ത്വരിതപ്പെടുത്തുകയും രണ്ടുവർഷത്തിനുള്ളിൽ കാവേരി ബേസിനിൽനിന്നും കേരളത്തിന് അനുവദിച്ചിട്ടുള്ള 30 TMC ജലം പൂർണമായും പ്രയോജനപ്പെടുത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രാഥമിക നടപടിക്രമം പൂർത്തിയാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.ഇതുപോലെ കടമാൻതോട്, തൊണ്ടാർ, അട്ടപ്പാടി ജലസേചന പദ്ധതികൾ പ്രവർത്തനക്ഷമമാക്കാൻ കഴിയണമെന്നും പട്ടിശ്ശേരി പ്രോജക്ടിന് അധിക വിപുലീകരണം വരുന്നതോടുകൂടി കൂടുതൽ ജലം ശേഖരിക്കാൻ കഴിയുമെന്നും മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുകീഴിൽ വരുന്ന പ്രോജക്ടുകളിൽ എത്ര TMC ജലം സംഭരിച്ചിട്ടുണ്ട് എന്നുള്ളതിന്റെ കൃത്യമായ രേഖകൾ സൂക്ഷിച്ചാൽ 2033-ൽ അവലോകനം നടത്തുമ്പോൾ സംസ്ഥാനത്തിന് അർഹമായ ജലം നേടിയെടുക്കാൻ കഴിയുമെന്നും കാവേരി ബേസിനിൽനിന്ന് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള 30 TMC ജലം ശേഖരിക്കാനാവശ്യമായ സംവിധാനമില്ലാത്തതാണ് പ്രധാന പ്രശ്നമെന്നും ചൂണ്ടിക്കാട്ടിയ സമിതി, മൈനർ ഇറിഗേഷൻ സ്കീമുകളിൽ എത്ര TMC ജലം ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനെക്കുറിച്ച് ഒരു പഠനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു .**

8. **<u>21.06.2022-ലെ സമിതിയോഗ നിർദ്ദേശം നം (1), (2), (7) എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകൾ</u>**

(ഫയൽ നം. 15970/സബ്.സി.എ 1/2022/നി.സെ.)

**1-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, NABARD RIDF പദ്ധതികൾക്കാവശ്യമായ ഫണ്ട് കേരള വാട്ടർ അതോറിറ്റി തന്നെ കണ്ടെത്തണമെന്ന നിർദ്ദേശം വന്നിട്ടുണ്ടെങ്കിലും ആവശ്യം വരുമ്പോൾ ധനകാര്യ വകുപ്പിനെ സമീപിക്കാമെന്നും സ്റ്റേറ്റ് ഷെയർ നൽകുന്നതിൽ നിന്നും കേരള വാട്ടർ അതോറിറ്റിയെ ഒഴിവാക്കണമെന്നാവശ്യപ്പെടുന്നതിന് ഒ.&എം. എക്സ്പെൻഡിച്ചർ ഉൾപ്പെടെയുള്ള കാരണങ്ങളുണ്ടെന്നും നോൺ-പ്ലാൻ ഗ്രാന്റില്ലാത്തതുകൊണ്ട് വാട്ടർ അതോറിറ്റിക്ക് മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടെന്നും നബാർഡിന്റെ മുൻകാല സഹായങ്ങൾ തുടർന്നും

ലഭ്യമാക്കുകയും നോൺ പ്ലാൻ ഫണ്ട് അനുവദിക്കുകയും ചെയ്തില്ലെങ്കിൽ അതോറിറ്റിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്നും വാട്ടർ ചാർജ് വർദ്ധിപ്പിച്ചതിനുശേഷവും പ്രതീക്ഷിച്ചത്ര വരുമാനം ലഭിച്ചിട്ടില്ലായെന്നും വിലയിരുത്തി. കേരള വാട്ടർ അതോറിറ്റിക്ക് ലഭ്യമാകുന്ന 96 കോടി രൂപയിൽ 40 കോടി രൂപ ശമ്പളത്തിനും 27 കോടി രൂപ പെൻഷനും 10 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് നൽകുന്നതിനും വാടകയിനത്തിൽ 10 കോടി രൂപയും ചെലവഴിക്കേണ്ടിവരുന്നതിനാൽ നിലവിലെ സാഹചര്യത്തിൽ സ്റ്റേറ്റ് ഷെയർ വഹിക്കാൻ കഴിയുന്ന സാമ്പത്തിക സ്ഥിതി വാട്ടർ അതോറിറ്റിക്കില്ലായെന്നും നോൺ പ്ലാൻ ഇനത്തിൽ തുക അനുവദിച്ചാൽ ഒ.&എം. ഇനത്തിൽ വരുന്ന ചെലവുകളെങ്കിലും വഹിക്കാൻ കഴിയുമെന്നും സ്റ്റേറ്റ് ഷെയർ അനുവദിച്ചില്ലെങ്കിൽ നബാർഡ് സ്കീമുകൾ നഷ്ടപ്പെടാനിടയാകുമെന്നതിനാൽ വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കിയും സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകൂടി ഉൾപ്പെടുത്തിയും ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിക്കണമെന്നും വളരെ ഗൗരവപൂർവ്വം പരിഗണിക്കേണ്ട വിഷയമായതിനാൽ സെക്രട്ടറിതലത്തിൽകൂടി പരിശോധിച്ചതിനുശേഷമായിരിക്കണം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതെന്നുമുള്ള നിർദ്ദേശത്തോടെ **പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**2-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി, മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണെന്നും ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രവൃത്തി വരുന്നുണ്ടെങ്കിൽ പ്രത്യേകം പരിഗണിച്ച് അതിന്മേൽ ഉചിതമായ തീരുമാനമെടുക്കാമെന്നും വിലയിരുത്തി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**7-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരളത്തിൽ വലിയ തോതിലുള്ള തീരശോഷണം സംഭവിക്കുന്ന 10 ഹോട്ട്സ്പോട്ടുകളിൽ പഠനം നടത്തുന്നതിനായി NCCR-നെ ഏൽപ്പിക്കുകയും അവർ പഠനം നടത്തി ഡിസൈൻ സമർപ്പിച്ച 6 ഹോട്ട്സ്പോട്ടുകളിൽ 4 എണ്ണം കിഡ്കിനെ

ഏൽപ്പിക്കുകയും ഇത് സംബന്ധിച്ച പ്രവൃത്തിയുമായി മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ടെന്നും ഹോട്ട്സ്പോട്ടിൽ ഉൾപ്പെട്ട ശംഖുമുഖം - തിരുവനന്തപുരത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി 7150 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചുവെന്നും കാപ്പാട്-കോഴിക്കോടിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുകയാണെന്നും NCCR-ൽനിന്നും ഇനി ലഭിക്കാനുള്ള 4 ഹോട്ട്സ്പോട്ടുകളുടെ ഡിസൈൻ ലഭിച്ചാലുടൻ ഡി.പി.ആർ. തയ്യാറാക്കി പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നതാണെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

തുടർന്ന് ആലപ്പാട്-കൊല്ലം ഹോട്ട്സ്പോട്ടുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിനുമറുപടിയായി കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡുപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്ന് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടിയുമായി KIIDC മുന്നോട്ടുപോകുകയാണെന്ന് ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. എന്നാൽ പ്രസ്തുത വിഷയം തത്കാലത്തേക്ക് പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതായാണ് മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഒരു തവണ ഗവൺമെന്റിൽ വന്ന പ്രോജക്ടാണിതെന്നും NCCR-ന്റെ ഒബ്സർവേഷനിൽ അധികവിവരം ആവശ്യപ്പെട്ട് തിരിച്ചയച്ചിരുന്നുവെങ്കിലും വിശദീകരണമുൾപ്പെടെ ഇപ്പോൾ തിരികെ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും ബഹു. സമിതി ചെയർമാൻ അറിയിച്ചു. NCCR-ൽ നിന്നും റിപ്പോർട്ട് ലഭിച്ച ഹോട്ട്സ്പോട്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

## (IV) കാലതാമസപത്രികകളുടെ പരിഗണന

**9. ധനാഭ്യർത്ഥന നമ്പർ 29, 38 എന്നിവയിലുൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ 2022-23 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിനനുവദിച്ച ബജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

(ഫയൽ നം. 789/സബ്.സി.എ 1/2023/നി.സെ.)

**അംഗീകരിച്ചു.**

10. **ധനാഭ്യർത്ഥന നമ്പർ 20-ൽ ഉൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ 2019-20 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്കനുവദിച്ച ബജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തനറിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

(ഫയൽ നം. 315/സബ്.സി.എ 1/2020/നി.സെ.)

**അംഗീകരിച്ചു.**

11. **ധനാഭ്യർത്ഥന നമ്പർ 20-ൽ ഉൾപ്പെട്ടുവരുന്ന വിവിധ ശീർഷകങ്ങളിൽ2020-21 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്കനുവദിച്ച ബജറ്റ് വിഹിതം വിനിയോഗിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസം സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

(ഫയൽ നം. 607/സബ്.സി.എ 1/2021/നി.സെ.)

**അംഗീകരിച്ചു.**

## (V) ശ്രദ്ധയിൽപ്പെടുത്തുന്ന ഫയലുകൾ

12. **22.07.2020-ലെ സമിതിയോഗ നിർദ്ദേശം-ധനാഭ്യർത്ഥന നമ്പർ 20-ൽ ഉൾപ്പെട്ടുവരുന്ന 2215-01-190-99-(19)-36 എന്ന ശീർഷകത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതമായ 135.2666 കോടി രൂപയിൽ 59 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും ശേഷിക്കുന്ന തുകയോ അധികമായി ആവശ്യപ്പെട്ട തുകയോ ലഭ്യമായിട്ടില്ലായെന്നും ബജറ്റ് വിഹിതത്തിന്റെ ലഭ്യതയിലുണ്ടാകുന്ന കുറവ് കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്നുള്ള വിവരം ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്**

(ഫയൽ നം. 4117/സബ്.സി.എ 1/2020/നി.സെ.)

പ്രസ്തുത വിഷയം പരിഗണനയ്ക്കെടുത്ത വേളയിൽ മേൽസൂചിപ്പിച്ച സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പിൽ നിന്നും കഴിഞ്ഞ ദിവസം മറുപടി ലഭ്യമായിട്ടുണ്ടെന്നും ആയത് സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നുവെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത നടപടി റിപ്പോർട്ട് സമിതി പരിഗണനയ്ക്കെടുക്കുകയും ലഭ്യമായ തുക പൂർണമായും ചെലവഴിച്ചോ എന്നത് സംബന്ധിച്ച് ആരായുകയും ചെയ്തു. പ്രസ്തുത ശീർഷകത്തിൽ തൊട്ടടുത്ത സാമ്പത്തിക വർഷമാണ് ഫണ്ട് അനുവദിച്ചതെങ്കിലും ആ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപുതന്നെ തുക പൂർണമായും ചെലവഴിച്ചിട്ടുണ്ടെന്നും 2020-21-ൽ രണ്ട് ശീർഷകങ്ങളിലായി ഷോർട്ടേജുണ്ടായിരുന്ന മുഴുവൻ തുകയും സാലറി ഹെഡ്ഡിൽ അനുവദിച്ചുനൽകിയിട്ടുണ്ടെന്നും ട്രഷറിയിൽനിന്നും ക്ലിയറൻസ് ലഭിച്ചതിനെത്തുടർന്ന് പെൻഷൻ കുടിശ്ശിക നൽകുന്നതിനുവേണ്ടി മുഴുവൻ

തുകയും വിനിയോഗിച്ചിട്ടുണ്ടെന്നും കേരള വാട്ടർ അതോറിറ്റി, ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ മറുപടി നല്കി.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

13. **04.09.2019-ലെ സമിതിയോഗ നിർദ്ദേശം-നിർമ്മാണത്തിലിരിക്കുന്ന കൂട്ടക്കടവ് തടയണ പദ്ധതിയുടെ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുക [നിർദ്ദേശം(1) ഭാഗികം], മാവൂരിൽ വാട്ടർ അതോറിറ്റി ഒഴിവാക്കിയ പമ്പ് ഹൗസും അതുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മൈനർ ഇറിഗേഷന് ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക [നിർദ്ദേശം(4)] എന്നീ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ മറുപടി ലഭ്യമാക്കാത്തത് സംബന്ധിച്ച്**

(ഫയൽ നം. 6319/സബ്.സി.എ 1/2019/നി.സെ.)

പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കാത്തതുകൊണ്ടാണ് മേൽസൂചിപ്പിച്ച വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനിച്ചതെന്നും എന്നാൽ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ ഇന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നുവെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

നിർമ്മാണത്തിലിരിക്കുന്ന കൂട്ടക്കടവ് തടയണ പദ്ധതിയുടെ പ്രവൃത്തികൾക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കൂട്ടക്കടവ് ആർ.സി.ബി.-യുടെ 90 ശതമാനം സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ടെന്നും സംരക്ഷണ പ്രവൃത്തികൾ അനിവാര്യമാണെന്ന് സ്ഥല പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും തടയണയുടെ 200 മീറ്ററോളം ദൂരം വരുന്ന ഭാഗം കെട്ടിസംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പരിഷ്കരിച്ചിട്ടുണ്ടെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. തുടർന്ന് നിലവിലുള്ള ടെണ്ടർ സേവിംഗ്സുപയോഗിച്ച് കഴിയുന്നത്ര ഭാഗം കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും തടയണയുടെ മുഴുവൻ ഭാഗവും കെട്ടിസംരക്ഷിക്കുന്നതിനുവേണ്ട ശ്രമം നടത്തണമെന്നും നിലവിൽ എസ്റ്റിമേറ്റ് പരിഷ്കരിച്ച ഭാഗത്തെ പണി പൂർത്തിയാക്കിയശേഷം വീണ്ടും എസ്റ്റിമേറ്റ് പരിഷ്കരിക്കുന്നതിനുപകരം ബാക്കിയുള്ളിടത്തേയ്ക്കുവേണ്ടി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ മതിയാകുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കുട്ടക്കടവ് തടയണ പദ്ധതിയുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു വിഷയം തീർപ്പാക്കാനുണ്ടെന്നും 2014-ലെ D.S.R. പ്രകാരം എഗ്രിമെന്റ് വച്ച വർക്കിന്റെ 95 ശതമാനവും പൂർത്തിയാക്കിയിട്ടുണ്ടെന്നും സിവിൽ പണികൾ പൂർത്തീകരണ സ്റ്റേജിലെത്തിയപ്പോൾ മെക്കാനിക്കൽ വർക്കുകൾ ചെയ്യാൻ കോൺട്രാക്ടർ തയ്യാറല്ലായെന്നും 2022 D.S.R. പ്രകാരം ബാലൻസ് വർക്കിന് പെർമിഷൻ നൽകണമെന്ന കോൺട്രാക്ടറുടെ ആവശ്യത്തിന്മേൽ 2014-ലെ ഡി.എസ്.ആർ. പ്രകാരം എഗ്രിമെന്റ് വച്ചിരിക്കുന്ന വർക്കിന് CPWD-യിൽ വന്നിരിക്കുന്ന 2022 ഡി.എസ്.ആർ. നൽകണമെന്ന വാദം വകുപ്പ് അംഗീകരിക്കാത്തതിനെത്തുടർന്ന് 2018 ഡി.എസ്.ആർ. + 40% അധികം വേണമെന്നുള്ള വാദവുമായി കോൺട്രാക്ടർ കോടതിയെ സമീപിച്ചിരിക്കുകയാണെന്നും എഗ്രിമെന്റ് പ്രകാരമുള്ള 80 ശതമാനം തുക വാങ്ങുകയും മെറ്റീരിയൽ ശേഖരിച്ചുവയ്ക്കുകയും ചെയ്തതിനുശേഷം അവ പ്രസ്തുത പ്രവൃത്തിക്കുവേണ്ടി ഉപയോഗിക്കാൻ കോൺട്രാക്ടർ തയ്യാറല്ലായെന്നും 2014-ലെ ഡി.എസ്.ആർ. പ്രകാരം എഗ്രിമെന്റ് വച്ച വർക്കായതിനാൽ 2018-ലെ ഡി.എസ്.ആർ.നൽകാൻ കഴിയില്ലായെന്നും മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.തുടർന്ന് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരികയാണെങ്കിൽ റിസ്ക് ആൻഡ് കോസ്റ്റിൽ കരാർ അവസാനിപ്പിച്ചതിനുശേഷം മറ്റാരെയെങ്കിലും കണ്ടെത്തി പ്രവൃത്തി പൂർത്തിയാക്കണമെന്നും സാധനങ്ങൾ നേരത്തെ വാങ്ങിവച്ചശേഷം പുതിയ ഡി.എസ്.ആർ.നൽകണമെന്നാവശ്യപ്പെടുന്നത് യുക്തിരഹിതമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി, സിവിൽ വർക്കുകൾ പൂർത്തിയാകുമ്പോൾ ഫിറ്റിംഗുൾപ്പെടെയുള്ള മെക്കാനിക്കൽ വർക്കുകളും നടത്തി തടയണ പ്രവർത്തനസജ്ജമാക്കേണ്ടതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കണമെന്ന് അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**14.<u>സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള സൂക്ഷ്മപരിശോധന കൂടാതെ വിജ്ഞാപനം ചെയ്യപ്പെട്ട ചട്ടങ്ങൾ സമിതിയുടെ സാധൂകരണത്തിന് ലഭ്യമാക്കാത്തതും സബ്ജക്ട് കമ്മിറ്റി അംഗീകരിച്ചതോ സാധൂകരണം നൽകിയതോ ആയ ചട്ടങ്ങളിൽ അവയ്ക്ക് അർത്ഥവ്യത്യാസം വരുന്നരീതിയിൽ മാറ്റം വരുത്തി അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതും ശ്രദ്ധയിൽപ്പെട്ട 10.01.2024-ലെ സമിതിയോഗത്തിന്റെ നിർദ്ദേശപ്രകാരമുള്ള പുനഃപരിശോധന</u>**

(ഫയൽ നം. 3355/സബ്.സി.എ 1/2019/നി.സെ.)

(ഫയൽ നം. 1097/സബ്.സി.എ 1/2019/നി.സെ.)

സബ്ജക്ട് കമ്മിറ്റികൾ അംഗീകരിച്ചതോ സാധൂകരണം നൽകിയതോ ആയ

ചട്ടങ്ങളിൽ അവയ്ക്ക് അർത്ഥവ്യത്യാസം വരുന്ന രീതിയിൽ വാക്കുകൾ ഒഴിവാക്കുകയോ കൂട്ടിച്ചേർക്കുകയോ മാറ്റം വരുത്തുകയോ ചെയ്ത് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതായി കണ്ടെത്തിയ വിവരം നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് സബ്ജക്ട് കമ്മിറ്റി പരിഗണിച്ച ചട്ടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തി അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുമുൻപ് വീണ്ടും സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിക്കണമെന്നും ആ രീതിയിൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ തിരുത്തലുകൾ വരുത്തി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.അത്തരത്തിൽ ചെയ്യാമെന്ന് ജലവിഭവ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇനി വരുന്ന നിയമസഭാ സമ്മേളനത്തിൽ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളെ സംബന്ധിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എത്രയുംവേഗം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ഉച്ചയ്ക്കുശേഷം 3.50-ന് യോഗം അവസാനിച്ചു.

************

## 2. <u>27.06.2024-ലെ യോഗനടപടിക്കുറിപ്പ്</u>

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, 2024 ജൂൺ മാസം 27-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനുശേഷം 04.50-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**<u>ഹാജരായ അംഗങ്ങൾ:</u>**

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.,
2. ശ്രീ. ലിന്റോ ജോസഫ്, "

3. ശ്രീ. സി. ആർ. മഹേഷ്, എം.എൽ.എ.,
4. ശ്രീ. പി. മമ്മിക്കുട്ടി, "
5. ശ്രീ. മാണി സി. കാപ്പൻ, "
6. ശ്രീ. കെ. ജെ. മാക്സി, "
7. ശ്രീ. ടി. സിദ്ദിഖ്, "

## നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി ഷബാന അഞ്ജും., അഡീഷണൽ സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. അശോക് കുമാർ സിംഗ്, പ്രിൻസിപ്പൽ സെക്രട്ടറി, ജലവിഭവം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്
2. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
4. ശ്രീമതി ശ്രീകല സി. കെ., ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്
5. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (IDRB) & ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
6. ശ്രീ.ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
7. ശ്രീ. പ്രകാശ് ഇടിക്കുള, ചീഫ് എഞ്ചിനീയർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)
8. ശ്രീമതി ബീന പി. എസ്., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
9. ശ്രീമതി ഷീജ കെ., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
10. ശ്രീമതി ധർമ്മലക്ഷ്മി ഡി., ഡയറക്ടർ, ഭൂജല വകുപ്പ്

11. ശ്രീ. വി. ആർ. പ്രേംകുമാർ, ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
12. ശ്രീ. പ്രേംലാൽ എം., ഡയറക്ടർ (എച്ച്.ആർ.ഡി.), കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി
13. ശ്രീ. എസ്.തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)
14. ശ്രീ. സേതുകുമാർ എസ്., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
15. ശ്രീ. ഷിജിത്ത് വി., ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കേരള വാട്ടർ അതോറിറ്റി
16. ശ്രീമതി വൃന്ദ പി. ജി.,ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്
17. ശ്രീ. സജിത് കുമാർ എസ്. എസ്., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി

2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ, 2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## <u>(I) ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന</u>

### 1. <u>2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളുടെ പരിഗണന</u>

(ഫയൽ നം. 5364/ സബ്.സി.എ 1/2023/നി.സെ)

2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 1 മുതൽ 28 വരെയും 30 മുതൽ 110 വരെയുമുള്ള ഖണ്ഡികകളിലെ

ശിപാർശകളിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രികകൾ സമിതി പരിശോധിക്കുകയും റിപ്പോർട്ടുകളിൽ ചെലവഴിച്ച തുക ഉൾപ്പെടെയുള്ള പൂർണമായ വിശദാംശങ്ങൾ സഹിതം ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ അംഗീകരിക്കുകയും ചെയ്തു .

ഖണ്ഡിക 1- ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, പ്രസ്തുത ശീർഷകത്തിൽ അധിക തുകയ്ക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ലെന്നാണ് മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും കേരളത്തിലെ എല്ലാ സ്കൂളുകളിലും ജലശ്രീ പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി അധിക തുക ആവശ്യപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണെന്നും വിലയിരുത്തിയ സമിതി, ഭാവിയിൽ ഇത്തരത്തിൽ വീഴ്ച സംഭവിക്കാൻ ഇടവരുതെന്ന് ഉദ്യോഗസ്ഥരെ താക്കീത് ചെയ്തു.

ഖണ്ഡിക 26- ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, വാട്ടർ അതോറിറ്റിയുടെ വർക്കുകളേറ്റെടുത്ത് ചെയ്യുന്ന കരാറുകാർക്ക് കുടിശ്ശിക നൽകാനുള്ളതായി അറിയാൻ കഴിഞ്ഞുവെന്നും ധനകാര്യ വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട് ഫോളോ അപ്പ് നടത്തുന്നുണ്ടോയെന്നും ഫണ്ട് റിലീസ് ചെയ്ത് കിട്ടുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുന്നതിൽ വാട്ടർ അതോറിറ്റി മതിയായ ജാഗ്രത പുലർത്തുന്നുണ്ടോ എന്ന കാര്യത്തിലും സംശയമുണ്ടെന്നും ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് ജെ.ജെ.എം.-ൽ മാത്രം ഏകദേശം 3000 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നും വെള്ളത്തിന്റെ ചാർജ് വർദ്ധിപ്പിച്ചതിനുശേഷം കരാറുകാർക്ക് ഓരോ മാസവും 8 മുതൽ 10 കോടി രൂപവരെ നൽകുകയും ജൽജീവൻ മിഷനിൽ ഏതാണ്ട് 41000 കോടിയലധികം രൂപയുടെ ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ടെന്നും ഇപ്പോൾ എല്ലാ ഭാഗത്തും വർക്കുകൾ ആരംഭിക്കുകയും പ്രാഥമിക ബില്ലുകൾ വന്നുതുടങ്ങുകയും ചെയ്തിട്ടുണ്ടെന്നും ലഭ്യമായ സെൻട്രൽ ഷെയറിന് ആനുപാതികമായുള്ള സ്റ്റേറ്റ് ഷെയർ നൽകുകയും കൂടുതൽ സെൻട്രൽ ഷെയർ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുകയും ജെ.ജെ.എം.-മായി ബന്ധപ്പെട്ട് പ്രത്യേക മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്നും കരാറുകാർക്ക് പണം ലഭിക്കാത്തതുകൊണ്ട് വർക്ക് നടക്കുന്നില്ലെന്ന പ്രചാരണം

ശരിയല്ലായെന്നും കാലാവസ്ഥയുടെ പ്രശ്നം, വകുപ്പ് തലത്തിൽ ഉണ്ടായ സാങ്കേതിക തകരാറുകൾ എന്നീ കാരണങ്ങളാലല്ലാതെ ആവശ്യമില്ലാതെ കരാറുകാർക്ക് കാലാവധി നീട്ടിനൽകേണ്ടതില്ലായെന്നും സമിതി വിലയിരുത്തി.

ഖണ്ഡിക 41- ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, 2023-24-ൽ പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതം വകയിരുത്തിയിട്ടില്ലായെന്ന് വിലയിരുത്തിയ സമിതി, ടി ശീർഷകത്തിൽ നിന്നും 'ഒറ്റത്തവണ സഹായം' എന്നത് ഒഴിവാക്കി സ്ഥിരമായി ബജറ്റ് അലോക്കേഷൻ ആവശ്യപ്പെടുകയാണ് ഉചിതമെന്ന് അഭിപ്രായപ്പെട്ടു. മുൻസമിതിയുടെ ശിപാർശ പ്രകാരം 'ഒറ്റത്തവണ സഹായം' എന്ന വാക്ക് ഒഴിവാക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച കത്തിന് മറുപടി ലഭ്യമായിട്ടില്ലായെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് അഡീഷണൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. തുടർന്ന് 'ഒറ്റത്തവണ സഹായം' എന്ന വാക്ക് ഒഴിവാക്കണമെന്ന് കഴിഞ്ഞ സമിതി തീരുമാനിച്ചിരുന്നതാണെന്നും ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും അറ്റകുറ്റപ്പണികൾ ഒറ്റത്തവണ എന്ന പേരിൽ നിർത്തേണ്ട ഒന്നല്ലായെന്നും സ്ഥിരം ക്രമീകരണമായി നിലനിർത്തേണ്ട കാര്യമായതിനാൽ പ്രസ്തുത ശീർഷകത്തിൽ വേണ്ട മാറ്റം വരുത്തി വരുംവർഷങ്ങളിൽ ബജറ്റ് പ്രൊവിഷൻ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡിക 102- ന്റെ നടപടി റിപ്പോർട്ട് പരിശോധിച്ച വേളയിൽ, കാവേരി ബേസിനിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന ജലം സംരക്ഷിക്കുന്നതിനായി വിഭാവനം ചെയ്ത കടമാൻതോട്, തൊണ്ടാർ പദ്ധതികളുടെ കാര്യത്തിൽ പ്രത്യേക ജാഗ്രത പുലർത്തണമെന്നും കടമാൻതോട് ജലസേചന പദ്ധതിയുടെ ശേഷി മുൻപ് വിഭാവനം ചെയ്തിരുന്നതിൽ നിന്നും മാറ്റം വരുത്തി 0.51 TMC ആയി കുറച്ചിട്ടുണ്ടെന്നും 2033-ലെ അടുത്ത റിവ്യൂ നടത്തുന്നതിനുമുൻപ് കടമാൻതോട്, തൊണ്ടാർ പദ്ധതികൾ യാഥാർത്ഥ്യമാക്കുകയും ബാക്കിയുള്ള പദ്ധതികളുടെ ഡി.പി.ആർ ഉൾപ്പെടെ തയ്യാറാക്കുകയും മൈക്രോ പ്രോജക്ട്സ്, ഇറിഗേഷൻ ആവശ്യങ്ങൾക്കായി അഡീഷണൽ സ്കീമുകൾ ആവിഷ്കരിച്ച് സംസ്ഥാനത്തിന് ആവശ്യമുള്ള ജലത്തിന്റെ അളവ് കൃത്യമായി സമർപ്പിക്കുകയും വേണമെന്നും

കടമാൻതോട്, തൊണ്ടാർ പദ്ധതികളുടെ കാര്യം സ്പെഷ്യൽ കേസ്സായി പരിഗണിച്ച് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

## (II) കരട് റിപ്പോർട്ട് പരിഗണന

2. **2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്**

(ഫയൽ നം. 5364/സബ്.സി.എ 1/2023/നി.സെ)

2023-24-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. **2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്**

(ഫയൽ നം. 6580/സബ്.സി.എ 1/2024/നി.സെ)

2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വൈകുന്നേരം 6.15- ന് യോഗം അവസാനിച്ചു.

********

### 3. 31.08.2024-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് III, 2024 ആഗസ്റ്റ് മാസം 31-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സൺ ബഹു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.
2. ശ്രീ. പി. മമ്മിക്കുട്ടി, "

**ഓൺലൈനായി ഹാജരായ അംഗം**

1. ശ്രീ. ലിന്റോ ജോസഫ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
2. ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. സജികുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. എം. ശിവദാസൻ, ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്
3. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്
4. ശ്രീ. പ്രിയേഷ് ആർ., ചീഫ് എഞ്ചിനീയർ, ഇറിഗേഷൻ ഡിസൈൻ &റിസർച്ച് ബോർഡ് (IDRB) & ISW, ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. സതീശൻ സി., ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്
6. ശ്രീ. പ്രകാശ് ഇടിക്കുള, ചീഫ് എഞ്ചിനീയർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
7. ശ്രീ. കൃഷ്ണകുമാർ വി. എസ്., ചീഫ് എഞ്ചിനീയർ (പി.&ഒ.) (ഇൻ-ചാർജ്ജ്), കേരള വാട്ടർ അതോറിറ്റി
8. ശ്രീമതി ബീന പി. എസ്., അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
9. ശ്രീമതി ധർമ്മലശ്രീ ഡി., ഡയറക്ടർ, ഭൂജല വകുപ്പ്
10. ശ്രീ. സേതുകുമാർ എസ്., ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി
11. ശ്രീമതി രേഖ പി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
12. ശ്രീമതി ബീന തങ്കം പി. എൽ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ചീഫ് എഞ്ചിനീയറുടെ കാര്യാലയം13. ശ്രീ. എ. ജി. ഗോപകുമാർ, സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ്, ഭൂജല വകുപ്പ്
14. ശ്രീ. ജോണി പി. കെ., ഡെപ്യൂട്ടി ഡയറക്ടർ, കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ.)
15. ശ്രീമതി സംഗീത എം. എം., ഡെപ്യൂട്ടി ഡയറക്ടർ (ടെക്നിക്കൽ), കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ ഏജൻസി (കെ.ആർ.ഡബ്ല്യൂ.എസ്.എ.)
16. ശ്രീ. സജി വി., സീനിയർ ജനറൽ മാനേജർ, ഹില്ലി അക്വ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
17. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ചീഫ് എഞ്ചിനീയറുടെ കാര്യാലയം

പ്രസ്തുത യോഗത്തിൽ, വിവിധ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, ശ്രദ്ധയിൽപ്പെടുത്തുന്ന ഫയലുകൾ എന്നിവ സമിതി

പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## I. നടപടിപത്രികകളുടെ പരിഗണന

**1. 12.01.2022-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**
(ഫയൽ നം. 4237/സബ്.സി.എ 1/2017/ലെജി)

പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ഓരോ വർഷവും ഫണ്ട് നൽകുന്നതിനനുസരിച്ച് റീചാർജ്ജിംഗ് പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും റീചാർജ്ജിംഗിനായി അനുവദിച്ചിട്ടുള്ള ശീർഷകത്തിൽ നടപ്പ് വർഷം 6 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ചെറിയ ചെക്ക്ഡാമുകൾ, 20 സെന്റിൽ താഴെയുള്ള കുളങ്ങൾ, മേൽക്കൂര മഴവെള്ള സംഭരണം തുടങ്ങിയ കാര്യങ്ങൾ പ്ലാൻ ഫണ്ട് ലിമിറ്റ് ചെയ്ത് സംസ്ഥാനമൊട്ടാകെ ചെയ്യുന്നുണ്ടെന്നും അതിൽ സെമി ക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകളിൽ കിണർ റീചാർജ്ജിംഗിന് കൂടുതൽ പ്രാധാന്യം നൽകുന്നുണ്ടെന്നും ഭൂജല വകുപ്പ് സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ് സമിതിയെ അറിയിച്ചു.

അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് റീചാർജ്ജിംഗ് പ്രവർത്തനങ്ങൾ ചെയ്യുന്ന സ്ഥിതിയാണ് നിലവിൽ കണ്ടുവരുന്നതെന്നും ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ മേഖലകളിൽ കിണർ റീചാർജ്ജിംഗ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകമാകുന്ന സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയണമെന്നും ഒരു വീടിന്റെ കിണർ 4000/- രൂപയ്ക്ക് റീചാർജ്ജ് ചെയ്യാൻ തയ്യാറാകുന്നവർക്ക് 50% സബ്സിഡി നൽകുകയും പണി പൂർത്തീകരിച്ച് ജലവിഭവ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതിനുശേഷം മാത്രം സബ്സിഡി തുകയായ 2000/-രൂപ നല്കണമെന്നും സാധാരണക്കാർക്ക് പ്രചോദനമാകുന്ന തരത്തിൽ പദ്ധതി പ്രവർത്തനങ്ങൾ വ്യാപകമാക്കുകയും കിണറുകൾ റീചാർജ്ജ് ചെയ്യുന്നതിന് പബ്ലിക്, പ്രൈവറ്റ് എന്നിങ്ങനെ തരംതിരിക്കുന്നതിനുപകരം ഭൂഗർഭജലം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടുത്തഘട്ടത്തിൽ പ്രൈവറ്റ് സെക്ടറിലെ കിണറുകളെക്കൂടി റീചാർജ്ജിംഗ് പദ്ധതിയിലുൾപ്പെടുത്തണമെന്നും സെൻട്രൽ ഗ്രാന്റ് ലഭിക്കുന്നതിനുള്ള

പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഭൂജല വകുപ്പ് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

2 **<u>2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 06.03.2019-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം.(8)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്</u>**

(ഫയൽ നം. 2890/സബ്.സി.എ 1/2019/ലെജി.)

**8-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ ഭൂഗർഭ ജലദൗർലഭ്യം നേരിടുന്ന ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ ബ്ലോക്കുകളിൽ ഭൂഗർഭ ജലാധിഷ്ഠിത കുപ്പിവെള്ള ഫാക്ടറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകേണ്ടതില്ലെന്ന സമിതി ശിപാർശ വന്നതിനുശേഷം ഏഴ് കമ്പനികൾക്ക് അനുമതി നൽകേണ്ടിവന്നിട്ടുണ്ടെന്നും ഇത് സേഫ് ബ്ലോക്കിൽപ്പെട്ട സ്ഥലത്ത് കുപ്പിവെള്ള ഫാക്ടറി തുടങ്ങുന്നതിന് അപേക്ഷ നൽകിയ ഒരു കമ്പനിക്കും സേഫ് ബ്ലോക്കിലായിരുന്ന സമയത്ത് കുപ്പിവെള്ള ഫാക്ടറികൾ ആരംഭിക്കാൻ അപേക്ഷ നൽകിയ 6 കമ്പനികൾക്കും ഉൾപ്പെടെയാണെന്നും സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും ഭൂജലവകുപ്പും സംയുക്തമായാണ് സംസ്ഥാനത്തൊട്ടാകെയുള്ള ബ്ലോക്കുകളെ സെമി ക്രിട്ടിക്കൽ, ക്രിട്ടിക്കൽ, സേഫ് എന്ന രീതിയിൽ തരംതിരിക്കുന്നതെന്നും അപേക്ഷ പരിശോധിച്ച് യീൽഡ് ടെസ്റ്റുൾപ്പെടെയുള്ള ശാസ്ത്രീയമായ പഠനങ്ങൾ കമ്പനി ഉടമകളുടെ ചെലവിൽ വകുപ്പ് ആരംഭിക്കുകയും ചെയ്തതിനാൽ സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശ നിലനിൽക്കെ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി കൊടുക്കേണ്ടിവന്നുവെന്നും പ്രസ്തുത സാഹചര്യത്തിലും വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തി ജലവിതാനത്തിൽ പ്രശ്നമുണ്ടാകില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് അനുമതി നൽകിയിട്ടുള്ളതെന്നും സെമി ക്രിട്ടിക്കൽ, ക്രിട്ടിക്കൽ ബ്ലോക്കുകളിൽപ്പെട്ട പ്രദേശങ്ങളിൽ കമ്പനികൾ ആരംഭിക്കുന്നതിന് പതിമൂന്നോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും സമിതി ശിപാർശ നിലനിൽക്കുന്നതിനാൽ പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനായി സംസ്ഥാന ഭൂജല അതോറിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുകയാണെന്നും ഭൂജല വകുപ്പ് സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ് സമിതിയെ

അറിയിച്ചു. തുടർന്ന് സെമി ക്രിട്ടിക്കൽ ബ്ലോക്കിൽപ്പെട്ട പ്രദേശമാണെങ്കിലും ആറ് കമ്പനികൾക്ക് കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയത് ജലവിതാനത്തിൽ പ്രശ്നമില്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണെന്നും മറ്റ് അപേക്ഷകൾ വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുകയും വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്തി മാത്രമേ അനുമതി നൽകാൻ കഴിയുകയുള്ളൂവെന്നതിനാൽ കൃത്യതയോടെയുള്ള പരിശോധനയ്ക്കുശേഷംമാത്രം അനുവാദം നൽകുന്നതാകും ഉചിതമെന്നും സമിതി വിലയിരുത്തി.

സമഗ്ര പഠനം നടത്തിയതിനുശേഷം മാത്രമേ സെമി ക്രിട്ടിക്കൽ, ക്രിട്ടിക്കൽ മേഖലകളിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നല്കാവൂവെന്നും സമിതിയുടെ ശിപാർശ നിലനിൽക്കുന്നതിനാൽ പരിശോധനാ റിപ്പോർട്ടുകൂടി പരിഗണിച്ച് മാത്രമേ തുടർനടപടി സ്വീകരിക്കാൻ പാടുള്ളൂവെന്നും ക്രിട്ടിക്കൽ, സെമിക്രിട്ടിക്കൽ ബ്ലോക്കുകളിൽപ്പെട്ട ഭൂജലവിധാനം ഉണ്ടെന്ന് കണ്ടെത്തുന്ന പ്രദേശങ്ങളിൽ കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് തടസ്സമില്ലായെങ്കിലും പരിശോധന റിപ്പോർട്ടുകൂടി കണക്കിലെടുത്തുകൊണ്ട് തുടർനടപടി സ്വീകരിക്കണമെന്നും സമിതി കൂട്ടിച്ചേർത്തു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**3. <u>16.02.2023-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം.(1)-മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>**

(ഫയൽ നം. 7297/സബ്.സി.എ 1/2023/ലെജി.)

**1-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കവേ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ആവശ്യമായ ടെസ്റ്റുകൾ സംസ്ഥാനത്തെ ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെയും കെമിസ്ട്രി അധ്യാപകരുടെയും സഹകരണത്തോടെ നടത്തുന്നതിനായി എം.എൽ.എ./എം.പി. ഫണ്ട് വിനിയോഗിച്ച് ലാബ് സൗകര്യമേർപ്പെടുത്തുന്നതിന് പ്രോജക്ട് തയ്യാറാക്കണമെന്ന സമിതി നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ പ്രത്യേക സമിതി രൂപീകരിക്കുകയും വിദ്യാഭ്യാസ വകുപ്പിന്റെ ജില്ലാ ഓഫീസുകളിൽ ഇതുസംബന്ധിച്ച് കത്ത് നൽകിയതിനെ തുടർന്ന്

87 സ്കൂളുകൾ ലഭ്യമാക്കിയ പ്രൊപ്പോസലുകൾ അതത് മണ്ഡലത്തിലെ എം.എൽ.എ.-മാർക്ക് നൽകിയിട്ടുണ്ടെന്ന് ടെക്നിക്കൽ മെമ്പർ, കേരള വാട്ടർ അതോറിറ്റി സമിതിയെ അറിയിച്ചു. തുടർന്ന് കെമിസ്ട്രി ലാബ് സൗകര്യമുള്ള സ്കൂളുകൾക്ക് ജലത്തിന്റെ ഗുണനിലവാര പരിശോധന വളരെ സുഗമമായി നടത്താൻ കഴിയുമെന്നതിനാൽ ഇതിനായി എം.പി./എം.എൽ.എ./ത്രിതല പഞ്ചായത്ത് ഫണ്ടുകളുപയോഗപ്പെടുത്താമെന്നും വകുപ്പിന്റെ ഭാഗത്തുനിന്നും ഇതിനാവശ്യമായ സാങ്കേതികസഹായം സ്കൂളുകളിലെ കെമിസ്ട്രി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകേണ്ടതുണ്ടെന്നും പരിശോധനയ്ക്കാവശ്യമായ കിറ്റ് ലഭ്യമാക്കുന്നതിനും ലാബ് ക്രമീകരിക്കുന്നതിനും വേണ്ടിയാണ് തുക കണ്ടെത്തേണ്ടിവരുന്നതെന്നും എല്ലാ എം.എൽ.എ.-മാർക്കും ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പിൽനിന്ന് കത്ത് നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് എയ്ഡഡ് സ്കൂളുകൾക്ക് നൽകാൻ പ്രൊവിഷനുള്ള പശ്ചാത്തലത്തിൽ കെമിസ്ട്രി ലാബ് സൗകര്യമുള്ള ഗവൺമെന്റ് എയ്ഡഡ് ഹൈസ്കൂൾ/ഹയർസെക്കണ്ടറി സ്കൂളുകളിൽക്കൂടി ജലത്തിന്റെ ഗുണനിലവാര പരിശോധനാ സംവിധാനമേർപ്പെടുത്തുന്നതിന് എം.എൽ.എ./ എം.പി./ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ധനകാര്യ വകുപ്പിന് ശിപാർശ നല്കാമെന്നും സമിതി നിർദ്ദേശിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

4. **26-07-2023-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം.(1), (2),(3)എന്നിവയിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നം. 14448/സബ്.സി.എ 1/2021/ലെജി.)

നിർദ്ദേശം നമ്പർ (1), (2) എന്നിവയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി സംയുക്തമായി പരിഗണിച്ചു. കുളവാഴയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടെന്നും കുളവാഴ സംസ്കരിച്ചതിനുശേഷം മാത്രമേ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കുകയുള്ളുവെന്നും കുളവാഴകളിൽ മെറ്റൽ കണ്ടന്റ് ധാരാളമുള്ളതിനാൽ മഴപെയ്യുമ്പോൾ സമീപ പ്രദേശങ്ങളിലുള്ള കുളം, കിണർ തുടങ്ങിയ ജലാശയങ്ങളിൽ എത്തിച്ചേരുന്ന കുളവാഴകൾ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ

ജനവാസപ്രദേശങ്ങളിൽ വച്ച് ഇവ സംസ്കരിക്കാൻ സാധിക്കില്ലെന്നും പ്രവർത്തനം നിലച്ച പാറക്വാറികൾ പോലുള്ള സ്ഥലങ്ങളിലാണ് സംസ്കരണ പ്രക്രിയ നടത്തുന്നതെന്നും കുളവാഴകളുടെ സംസ്കരണം ജലസേചന വകുപ്പിന് ചെയ്യാൻ സാധിക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കുടുംബശ്രീ, ഹരിതകേരള മിഷൻ തുടങ്ങിയവരെ ഏൽപ്പിച്ച് മാത്രമേ ഇവ സംസ്കരിക്കാൻ സാധിക്കുകയുള്ളുവെന്നും ജലാശയങ്ങളെ പങ്കിടുന്ന ഒന്നുരണ്ട് പഞ്ചായത്തുകൾ ചേർന്ന് ഒരു മെഷീൻ കൂടി വാങ്ങുകയാണെങ്കിൽ കുളവാഴകൾ യഥാസമയം നീക്കംചെയ്യാനും സംസ്കരിച്ച കുളവാഴകൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണംകൂടി ആവശ്യപ്പെടാവുന്നതാണെന്നും ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. ജലാശയങ്ങളിൽനിന്നും കുളവാഴകൾ നീക്കം ചെയ്യാനുള്ള ക്രമീകരണം നിലവിൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുണ്ടെങ്കിലും നീക്കംചെയ്ത കുളവാഴകൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുക എന്നത് വളരെ പ്രയാസകരമായ പ്രവൃത്തി ആയതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് കുളവാഴകൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മുന്നോട്ടുവരുന്ന വ്യവസായികൾക്ക് ഒരു നിശ്ചിത പ്രദേശം ലീസിന് അനുവദിച്ച് നല്കുകയാണെങ്കിൽ പ്രസ്തുത പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നതിനാൽ ഇറിഗേഷൻ വകുപ്പ് വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുമായി സംയുക്ത ചർച്ച നടത്തി ഇതിന് സാധിക്കുന്ന സാഹചര്യമുണ്ടോയെന്ന് പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിലവിൽ വകുപ്പിന്റെ കൈവശമുള്ള മെഷീനിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മറുപടിയായി ആമയിഴഞ്ചാൻ തോട് വൃത്തിയാക്കലുമായി ബന്ധപ്പെട്ട് 2020-ലെ എ.എസ്.-ൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഒരു പ്രൊവിഷനുണ്ടായിരുന്നതുപയോഗിച്ചാണ് സിൽറ്റ് പുഷർ മെഷീൻ വാങ്ങിയതെങ്കിലും ആമയിഴഞ്ചാൻ തോട് വൃത്തിയാക്കൽ ജോലി ആരംഭിച്ചത് 2023-ലായതിനാൽ അതിനുമുമ്പുള്ള കാലയളവിൽ പ്രസ്തുത മെഷീനറി ഉപയോഗിച്ച് തിരുവല്ലം തോട്, നെയ്യാർ ഡാമിന്റെ ആർ.സി.ബി. കനാൽ, അഷ്ടമുടിക്കായൽ എന്നിവിടങ്ങളിലെ

പായലുകൾ, പോളകൾ, സിൽറ്റ് എന്നിവ നീക്കം ചെയ്തിട്ടുണ്ടെന്നും രണ്ട് മീറ്റർ താഴ്ചയിലുള്ള സിൽറ്റുകൾ നീക്കം ചെയ്ത് കരയിൽ കൊണ്ടുവരുന്നതിനുമാത്രമേ പ്രസ്തുത മെഷീൻ ഉപയോഗിക്കാൻ സാധിക്കുകയുള്ളുവെന്നതിനാൽ ജെ.സി.ബി.-യോ മറ്റ് സംവിധാനങ്ങളോ ഉപയോഗിച്ചുമാത്രമേ ഇവ അവിടെനിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകാൻ സാധിക്കുകയുള്ളുവെന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു. കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും അന്വേഷിച്ചിട്ടും പോളകൾ സംസ്കരിക്കുന്ന സംവിധാനത്തെക്കുറിച്ച് കൃത്യമായ മാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിക്കാത്തതുകൊണ്ട് നിലവിൽ പോളകളുടെ സംസ്കരണം സാധ്യമാകുന്നില്ലെങ്കിലും ബഹുമാനപ്പെട്ട ചെയർപേഴ്സൺ പറഞ്ഞതുപോലെ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ പോളകൾ സംസ്കരിക്കുന്നതിന് സംരംഭകരെ കണ്ടെത്തിയാൽ മാത്രമെ അതിന് സാധിക്കുകയുള്ളുവെന്നും ജലാശയങ്ങളിലെ പായലുകൾ, പോളകൾ, സിൽറ്റ് എന്നിവ നീക്കം ചെയ്യുന്നതിനായി 2.76 കോടി രൂപ ചെലവഴിച്ച് വാങ്ങിയ പ്രസ്തുത മെഷീൻ ഉപയോഗിച്ച് മൂന്ന് സാമ്പത്തിക വർഷങ്ങളിലായി ഏകദേശം ഒരു കോടിരൂപയുടെ പ്രവൃത്തി ചെയ്യാൻ സാധിച്ചുവെന്നും ആമയിഴഞ്ചാൻ തോടിന്റെ വർക്കിനുവേണ്ടിയാണ് വാങ്ങിയതെങ്കിലും ഇറിഗേഷൻ (സിവിൽ വിഭാഗം) ഡിപ്പാർട്ടുമെന്റ് അവിടെ അപ്പോൾ പ്രവൃത്തി ആരംഭിക്കാത്തതിനാൽ മെഷീൻ നിഷ്ക്രിയമായിരിക്കുന്നത് ഒഴിവാക്കാനാണ് അഷ്ടമുടി കായലിന്റെ വർക്കിനുവേണ്ടി കൊണ്ടുപോയതെന്നും 2023-ൽ മെഷീൻ ഉപയോഗിച്ച് ആമയിഴഞ്ചാൻ തോടിന്റെ വർക്ക് ചെയ്തിരുന്നുവെന്നും ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് കൂട്ടിച്ചേർത്തു. തുടർന്ന് ആമയിഴഞ്ചാൻ തോടിന്റെ വർക്കിനുവേണ്ടി മെഷീൻ വാങ്ങിയശേഷം അത് അഷ്ടമുടി കായലിന്റെ വർക്കിന് കൊണ്ടുപോയത് ശരിയായ നടപടിയല്ലായെന്നും ജലാശയങ്ങളിൽനിന്നും നീക്കം ചെയ്യുന്ന പോളകൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നത് വളരെ പ്രധാനപ്പെട്ട വിഷയമായതിനാൽ പോളകൾ ശാസ്ത്രീയമായി സംസ്കരിച്ച് അതിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സംരംഭകരെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനായി വ്യവസായ വകുപ്പുമായും തദ്ദേശസ്വയംഭരണ വകുപ്പുമായും കുടുംബശ്രീയുമായും കൂടിയാലോചിച്ച് അനുയോജ്യമായ ഒരു മാർഗ്ഗം കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിച്ചു .

കുടുംബശ്രീയെയോ മറ്റ് എൻ.ജി.ഒ.-കളെയോ പ്രയോജനപ്പെടുത്തിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ബന്ധപ്പെട്ട വകുപ്പുകളെയും ഏകോപിപ്പിച്ചോ കുളവാഴയിൽനിന്നും മൂല്യവർദ്ധിത

ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കുന്നതാണെന്ന് റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതായി ചൂണ്ടിക്കാട്ടിയ സമിതി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഇത് പ്രാവർത്തികമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് ആരാഞ്ഞു.പോളകളുടെ സ്റ്റെം കട്ട് ചെയ്ത് ബാഗുകളും മാറ്റുകളും ഉണ്ടാക്കുന്ന ഒരു പ്രോജക്ടുമായി കഴിഞ്ഞവർഷം ആലപ്പുഴ മുനിസിപ്പൽ കോർപ്പറേഷൻ തമിഴ്നാട്ടിലുള്ള ഒരു ഏജൻസിയെ സമീപിച്ചുവെങ്കിലും പ്രസ്തുത ഏജൻസി അതിന് തയ്യാറാകാത്തതിനാൽ മറ്റേതെങ്കിലും ഏജൻസികൾ തയ്യാറാണോയെന്ന് അന്വേഷിക്കുന്നുണ്ടെന്ന് ചീഫ് എഞ്ചിനീയർ (മെക്കാനിക്കൽ), ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സമിതിയെ അറിയിച്ചു. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ താൽപര്യമുള്ള ഏജൻസികളെ സംബന്ധിച്ച് വ്യവസായ വകുപ്പിന് കൂടുതൽ കാര്യങ്ങൾ അറിയാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി, ഇതര സംസ്ഥാനങ്ങളിൽ കുളവാഴകളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികൾ നടക്കുന്നുണ്ടോയെന്ന് അന്വേഷിക്കണ മെന്ന് അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**3-ാം നമ്പർ നിർദ്ദേശത്തിന്മേൽ** വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പാലങ്ങളിൽനിന്ന് നദികളിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുവാൻ സാധിക്കുന്ന പാലങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് പി.ഡബ്ല്യൂ.ഡി.-യുമായി സഹകരിച്ച് തയ്യാറാക്കി നൽകിയിട്ടുണ്ടെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് എല്ലാ വകുപ്പുകളുമായും പൊതുവായി ചർച്ച നടത്തുന്നത് ഉചിതമായിരിക്കുമെന്നും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പല ജില്ലകളിലും ജില്ലാ പഞ്ചായത്തുകളും ത്രിതല പഞ്ചായത്തുകളും കമ്പിവലകൾ സ്ഥാപിക്കുന്നുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമിതിയെ അറിയിച്ചു. കമ്പിവലകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യം ചൂണ്ടിക്കാണിച്ച് ഒരു കുറിപ്പ് ഇറക്കിയാൽ അത് എല്ലാ എം.എൽ.എ.-മാർക്കും സർക്കുലേറ്റ് ചെയ്യാൻ സാധിക്കുമെന്ന് വിലയിരുത്തിയ സമിതി കമ്പിവലകൾ സ്ഥാപിക്കുന്നതിന് ഓരോ ജില്ലകളിൽ നിന്നും കണ്ടെത്തിയ അനുയോജ്യമായ പാലങ്ങളുടെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനുകൂടി നൽകണമെന്ന്

അഭിപ്രായപ്പെട്ടു. അപ്രകാരം നല്ലാമെന്ന് ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ& അഡ്മിനിസ്റ്റേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**5. <u>26-04-2023-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>.**

(ഫയൽ നം. 2890/സബ്.സി.എ 1/2019/ലെജി.)

പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ കേരളത്തിലെ ഭൂരിപക്ഷം കനാൽ പ്രോജക്ടുകളും അൻപതോളം വർഷം പഴക്കമുള്ളവയായതിനാൽ പ്രസ്തുത കനാലുകളിൽക്കൂടി ജലസേചനത്തിനായി വെള്ളം തുറന്നുവിട്ടാലും ദൂരസ്ഥലങ്ങളിൽ വെള്ളം എത്തിച്ചേരാത്ത പ്രശ്നമുണ്ടെന്നും മിക്കവയും എർത്തൺ കനാലുകളായതിനാൽ ലൈനിംഗ് പൊട്ടുന്നതുകാരണം ജലനഷ്ടം സംഭവിക്കുന്നുണ്ടെന്നും നിലവിലുള്ള കനാലുകളിൽനിന്ന് വെള്ളം ശേഖരിക്കാൻ കുളം കുഴിക്കുന്നത് പ്രായോഗികമല്ലായെന്നും തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിലവിൽ കുറെ farm ponds നിർമ്മിച്ചിട്ടുണ്ടെന്നും എന്നാൽ കനാലിൽനിന്ന് നേരിട്ട് വെള്ളം ശേഖരിക്കുന്ന പദ്ധതിക്ക് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകളുണ്ടെന്നും നബാർഡ് സ്കീമിലുൾപ്പെടുത്തി എല്ലാ കനാലുകളും നവീകരിക്കുന്നതിനായുള്ള ഒരു പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്റ്റേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമിതിയെ അറിയിച്ചു. തുടർന്ന് ജലസേചനത്തിനും കുടിവെള്ളത്തിനുമായി നിർമ്മിച്ച കനാലുകൾ കാലപ്പഴക്കവും മറ്റും കാരണം അതിന്റെ ഉദ്ദേശ്യലക്ഷ്യത്തിലെത്താൻ സാധിക്കാത്ത സ്ഥിതിയിലാണെന്ന് വിലയിരുത്തിയ സമിതി, 50 വർഷത്തിലധികം പഴക്കമുള്ള കനാലുകൾ പരിപാലിച്ചാൽ പോലും പ്രയോജനമില്ലാത്ത അവസ്ഥയിലായതിനാൽ അവയെ പുനരുജ്ജീവിപ്പിക്കാനാവശ്യമായ റീ-കൺസ്ട്രക്ഷൻ ആവശ്യമാണെന്ന കാര്യം ശക്തമായി റിപ്പോർട്ട് ചെയ്യണമെന്ന് അഭിപ്രായപ്പെട്ടു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**6. <u>26-07-2023-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ - ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്</u>.**

(ഫയൽ നം. 6319/സബ്.സി.എ 1/2019/ലെജി.)

**പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി**

**റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.**

**7. 26-07-2023-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ-ജലവിഭവവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.**

(ഫയൽ നം. 524/സബ്.സി.എ 1/2019/ലെജി.)

പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിച്ച വേളയിൽ പി.എം.കെ.എസ്.വൈ.-യുടെ മാനദണ്ഡപ്രകാരം RRR പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കുളങ്ങൾക്ക് ആദ്യം അഞ്ചും പത്തും ഹെക്ടർ ജലവിതാന പരിധിയായിരുന്നു പറഞ്ഞിരുന്നതെങ്കിലും നിലവിലെ മാനദണ്ഡപ്രകാരം കുളങ്ങൾക്ക് നഗരപ്രദേശങ്ങളിൽ ഒരു ഹെക്ടർ ജലവിതാനവും ഗ്രാമപ്രദേശങ്ങളിൽ രണ്ട് ഹെക്ടർ ജലവിതാനവും ഉണ്ടായിരിക്കണം എന്നായതിനാൽ പ്രസ്തുത രീതിയിൽ സ്കീമിലുൾപ്പെടുത്തി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും അതിന്റെയടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിൽ മൂന്ന് പ്രോജക്ടുകൾക്ക് ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചതിൽ എസ്.എൽ.എസ്.സി. കൂടിക്കഴിഞ്ഞാൽ 13.01 കോടി രൂപയുടെ ഡി.പി.ആർ.-ന് അംഗീകാരം ലഭിക്കുമെന്നും തുടർന്ന് മേൽസൂചിപ്പിച്ച മൂന്ന് പദ്ധതികളും പൈലറ്റ് പ്രോജക്ടുകളായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുമെന്നും ശേഷിക്കുന്നവ അനുയോജ്യമായ രീതിയിൽ പരിശോധിച്ച് ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നതായും ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് സമിതിയെ അറിയിച്ചു.

**പ്രസ്തുത നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.**

**8. 21-06-2022-ലെ സമിതിയോഗ നിർദ്ദേശം-ശിപാർശ നം.(3)-ന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.**

(ഫയൽ നം. 15970/സബ്.സി.എ 1/2022/ലെജി.)

**പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് സമിതി പരിഗണിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്തു.**

## (II) സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

**9. <u>ഇടപ്പള്ളി കനാൽ സംരക്ഷിക്കുന്നതിനായി കനാലിന്റെ മുകൾ ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കയ്യേറി വീട് വച്ച് താമസിക്കുന്നവരെ ഒഴിപ്പിക്കണമെന്ന 16-05-2018-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാകാത്തത് സംബന്ധിച്ച്</u>**

(ഫയൽ നം. 524/സബ്.സി.എ 1/2019/ലെജി.)

പ്രസ്തുത സമിതിയോഗ നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പ് ലഭ്യമാക്കിയ ഇടക്കാല മറുപടി സമിതി പരിഗണിച്ച വേളയിൽ ചാത്തൻവേലി പാടത്ത് വാർഡ് 35-ൽ നാല് വീടുകളും വാർഡ് 28-ൽ 19 വീടുകളും ഉൾപ്പെടെ 23 കുടുംബങ്ങളാണ് ഇടപ്പള്ളി കനാലിന്റെ മുകൾഭാഗത്ത് വീട് കെട്ടി താമസിക്കുന്നതെന്നും പ്രസ്തുത കുടുംബങ്ങൾക്ക് ലൈഫ് മിഷനിലോ മറ്റേതെങ്കിലും പാർപ്പിട പദ്ധതിയിലോ ഉൾപ്പെടുത്തി വീട് നൽകിയാൽ മാത്രമേ ഇടപ്പള്ളി കനാൽ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുകയുള്ളുവെന്നതിനാൽ ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട ജില്ലാ കളക്ടർക്കും ലൈഫ് മിഷനിലും കത്ത് സമർപ്പിച്ചുവെങ്കിലും തുടർ നടപടി ആയിട്ടില്ലായെന്ന് ചീഫ് എഞ്ചിനീയർ (പ്രോജക്ട് II), ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ്, സമിതിയെ അറിയിച്ചു. തുടർന്ന് ജലസേചനത്തിനും കുടിവെള്ളത്തിനും പ്രസ്തുത കനാലിന്റെ പൂർത്തീകരണം വളരെ അത്യാവശ്യമായതിനാൽ കനാലിന്റെ മുകൾ ഭാഗത്ത് ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം കയ്യേറി വീട് വച്ച് താമസിക്കുന്ന 23 കുടുംബങ്ങളെയും എത്രയുംവേഗം പുനരധിവസിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെണമെന്ന നിർദ്ദേശത്തോടെ **പ്രസ്തുത ഇടക്കാല മറുപടി സമിതി അംഗീകരിച്ചു .**

**10.<u>2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റിന് കീഴിൽ വരുന്ന "2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും)അക്റ്റിന്മേൽ" കരട്ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച്</u>**

(ഫയൽ നം. 3355/സബ്.സി.എ 1/2019/ലെജി.)

കരട് ചട്ടം ലഭ്യമാക്കാത്തത് സംബന്ധിച്ച പ്രസ്തുത വിഷയത്തിന്മേൽ തുടർനടപടി കൈക്കൊള്ളുന്നതിനായി വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ൽ നിന്നും ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന് കൈമാറി ലഭ്യമായതാണെന്ന വിവരം നിയമസഭാ സെക്രട്ടേറിയറ്റ് ഡെപ്യൂട്ടി സെക്രട്ടറി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.തുടർന്ന് വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ മലിനീകരണമുണ്ടാകാതിരിക്കാൻ 2002-ലെ കേരള ഭൂജലം (നിയന്ത്രണവും

ക്രമീകരണവും) ആക്റ്റിന്മേലുള്ള ചട്ടത്തിൽ റീസൈക്കിൾ ആൻഡ് റീയൂസ് ഓഫ് വാട്ടർ എന്നൊരു കാര്യം കൂട്ടിച്ചേർക്കേണ്ടതുണ്ടായിരുന്നുവെന്നും ഇത് ഉൾപ്പെടുത്താൻ വേണ്ടി പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റിമാർക്സ് ചോദിക്കുകയും ചട്ടത്തിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും അതിനുള്ള നടപടി ക്രമങ്ങൾ എങ്ങനെയായിരിക്കണമെന്നുമുള്ള കാര്യത്തെ സംബന്ധിച്ച് പൊല്യൂഷൻ കൺട്രോൾ ബോർഡ് ലഭ്യമാക്കിയ റിപ്പോർട്ട് സ്റ്റേറ്റ് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ അടുത്ത യോഗത്തിൽ സമർപ്പിച്ചതിനുശേഷം ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ഭൂജല വകുപ്പ് സൂപ്രണ്ടിംഗ് ഹൈഡ്രോളജിസ്റ്റ് സമിതിയെ അറിയിച്ചു. പ്രസ്തുത കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

ഉച്ചയ്ക്കുശേഷം 3.45-ന് യോഗം അവസാനിച്ചു.

* * * * * * * * *

## 4. 17.02.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - III, 2025 ഫെബ്രുവരി മാസം 17-ാം തീയതി തിങ്കളാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-ബി' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു.ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. ആന്റണി രാജു, എം.എൽ.എ.,
2. ശ്രീ. സി. ആർ. മഹേഷ്, ,,
3. ശ്രീ. കെ. ജെ. മാക്സി , ,,
4. ശ്രീ. എച്ച്. സലാം , ,,

**<u>വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:</u>**

1. ശ്രീ. ജി. എസ്. ജയലാൽ, എം.എൽ.എ.,
2. ശ്രീ. പി. മമ്മിക്കുട്ടി , ,,

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

1. ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1. ശ്രീമതി ശ്രീലത സുകുമാരൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലസേചന വകുപ്പ്
3. ശ്രീ. സിനേഷ് സി. എസ്., ചീഫ് എഞ്ചിനീയർ (പ്രോജക്റ്റ്-I, കോഴിക്കോട്), ജലസേചന വകുപ്പ്
4. ശ്രീമതി ശ്രീകല സി. കെ., ചീഫ് എഞ്ചിനീയർ (ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ), ജലസേചന വകുപ്പ്
5. ശ്രീ.പ്രകാശ് ഇടിക്കുള, ചീഫ് എഞ്ചിനീയർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
6. ശ്രീ. എസ്. തിലകൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)
7. ശ്രീ. കെ. ബാലശങ്കർ, ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)
8. ശ്രീമതി സിന്ധു ആർ., ജോയിന്റ് ഡയറക്ടർ, ഡാംസ്, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)
9. ശ്രീ. സിബി കെ. എം., ഡെപ്യൂട്ടി ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)
10. ശ്രീമതി ശ്രീലേഖ ബി., ഡെപ്യൂട്ടി ഡയറക്ടർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

11. ശ്രീ. ഷൈജു പി. എം., സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ പ്രോജക്ട്സ്-1), ജലസേചന വകുപ്പ്
12. ശ്രീ. തോമസ് ഫിലിപ്പ്, ഫിനാൻസ് ഓഫീസർ (ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്), ജലസേചന വകുപ്പ്
13. ശ്രീമതി വൃന്ദ പി. ജി., ഫിനാൻസ് ഓഫീസർ, ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.)

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് ധനാഭ്യർത്ഥന നമ്പർ XXXVIII (ജലസേചനം) സംബന്ധിച്ച കുറിപ്പ് സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXVIII - ജലസേചനം

## (വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ)

**2700-26-101-98-34-2** - വൻകിട ജലസേചനം - തണ്ണീർമുക്കം പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ - മറ്റു ചെലവുകൾ- വൈദ്യുതി ചെലവ്

തണ്ണീർമുക്കം റെഗുലേറ്ററുകളുടെ പ്രവർത്തനത്തിനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഉൾപ്പെടെ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-15-101-98-34-2** - ഇടത്തരം ജലസേചനം- കുട്ടനാട് വികസന പദ്ധതി (വാണിജ്യേതരം) - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ -വൈദ്യുതി ചെലവ്

തോട്ടപ്പള്ളി സ്പിൽവേയുടെ വൈദ്യുതി ചെലവിനത്തിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ

വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-80-052-98-34-3** - ഇടത്തരം ജലസേചനം - ജനറൽ - യന്ത്രോപകരണങ്ങൾ- വാഹനങ്ങളും അറ്റകുറ്റപ്പണികളും- മറ്റു ചെലവുകൾ- മറ്റിനം.

വകുപ്പ് പുതുതായി വാങ്ങി ഉപയോഗിക്കുന്ന എസ്കവേറ്റർ, ഡ്രഡ്ജർ, ജെ.സി.ബി. എന്നിവയുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 -80 -003-99** - ഇടത്തരം ജലസേചനം - ജനറൽ - പരിശീലനം - പ്രത്യേക പരിശീലന പരിപാടി

ജലസേചന വകുപ്പിന് കീഴിലുള്ള ഐ.ടി സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതോടൊപ്പം വിപുലീകരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ഇ-ഗവേർണൻസ്, വെബ്സൈറ്റ് അപ്ഗ്രഡേഷൻ, വിവിധ സോഫ്റ്റ്വെയറുകളുടെ ഉപയോഗം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിനും പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് PRICE -3, e-Tender, e-Moniter, e-Office, Spark, BIMS, BAMS എന്നിവയിൽ പരിശീലനം നല്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 -80 -001- 92-99** -ഇടത്തരം ജലസേചനം - ജനറൽ - ഭരണവും നടത്തിപ്പും - വകുപ്പ് നവീകരണവുംഇ-ഗവേർണൻസും- വിവരസാങ്കേതിക വിദ്യ.

ജലസേചന വകുപ്പിലെ ഐ.ടി ഉപകരണങ്ങളുടെ അപര്യാപ്തത ഇ-ഓഫീസ്, ഇ-ഗവേർണൻസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതിനാലും ഇ-ഓഫീസ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും സിസ്റ്റം ഡെഫിഷ്യൻസിയും തമ്മിലുള്ള ഗ്യാപ്പ് അനാലിസിസ് നടത്തി ഡിവിഷൻ തലം വരെയുള്ള കമ്പ്യൂട്ടർ ആവശ്യകത വിലയിരുത്തിയപ്പോൾ 1350

ലാപ്ടോപ്പുകൾ, 150 സ്കാനറുകൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം തന്നെ വകുപ്പിന് അടിയന്തരമായി ആവശ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇ-ഓഫീസ് നടപ്പിലാക്കൽ, ഐ.ടി ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ, വെബ്സൈറ്റ് അപ്ഗ്രഡേഷൻ, മറ്റ് ഇ-ഗവേർണൻസ് പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5.01 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-80-800-73** - ഇടത്തരം ജലസേചനം - ജനറൽ - മറ്റു ചെലവുകൾ- നദികളുടെയും അരുവികളുടെയും പുനരുജ്ജീവനം

വെള്ളപ്പൊക്കം തടയാനും ഭൂഗർഭ ജലനിരപ്പ് ഉയർത്താനും ജനജീവിതം സുരക്ഷിതമാക്കാനും ജലഗതാഗത ശേഷി മെച്ചപ്പെടുത്തുന്നതിനുമായി നിലവിലുള്ള നദികളിലെയും അരുവികളിലെയും മണലും കളകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിനും തീരങ്ങളുടെ അവശ്യ സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01- 103- 99- 34- 3** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം-സിവിൽ വർക്സ്-വെള്ളപ്പൊക്ക നിയന്ത്രണപ്പണികൾ - മറ്റു ചെലവുകൾ - മറ്റിനം.

തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ കുറയ്ക്കുന്നതിനായുള്ള വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 14 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01– 103– 98– 34– 3–** വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ വർക്സ് - വെള്ളപ്പൊക്കക്കെടുതികൾ മൂലമുള്ള അറ്റകുറ്റപ്പണികൾ - മറ്റു ചെലവുകൾ – മറ്റിനം.

തുടർച്ചയായുണ്ടാകുന്ന പ്രളയം മൂലമുള്ള കെടുതികൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 02– 103– 99– 34– 3** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - സിവിൽ വർക്സ് - കടലാക്രമണ നിരോധന പണികൾ-സംരക്ഷണം -മറ്റു ചെലവുകൾ – മറ്റിനം.

കാലാവസ്ഥാ വ്യതിയാനം കാരണം അടിക്കടിയുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസത്താലുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 02– 800–98** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും- കടലാക്രമണ നിരോധന പദ്ധതികൾ - മറ്റു ചെലവുകൾ - തീരദേശ സംരക്ഷണ പഠനം

Shore Line Management Plan (SLMP) പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ ബയോമെട്രിക് ടോപോഗ്രാഫിക് പഠനങ്ങൾ നടത്തുന്നതിനും 2025-26 സാമ്പത്തിക വർഷം ആരംഭിക്കേണ്ടതായ പദ്ധതികൾ സംബന്ധിച്ച സാമൂഹിക, പാരിസ്ഥിതിക പഠനങ്ങൾ നടത്തുന്നതിനും അവയുടെ രൂപകല്പന നിർവഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103–99–01** - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് വെള്ളപ്പൊക്ക നിയന്ത്രണം – സിവിൽ പണികൾ - സിവിൽ പണികൾ- മരാമത്തു പണികൾ

[

മുൻവർഷങ്ങളിൽ പെയ്ത മഴയുടെ കാഠിന്യംമൂലം മണ്ണും ചെളിയും അടിഞ്ഞുകൂടി നദികളും തോടുകളും കരകവിഞ്ഞൊഴുകുകയും നദീതീരങ്ങൾ ഇടിഞ്ഞുപോവുകയും പലസ്ഥലങ്ങളിലും വീടുകൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാവുകയും ചെയ്ത സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിനായി തിരുവനന്തപുരം നഗരം ഒഴികെ സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികൾക്കായി നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103-98-01** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് -വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - തിരുവനന്തപുരം പട്ടണത്തിലെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ-മരാമത്തു പണികൾ

തിരുവനന്തപുരം നഗരത്തിലെ കെട്ടിടങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ തോടുകളിലും നദികളിലും അടിഞ്ഞുകൂടി ചെറിയ മഴയിൽ പോലും വെള്ളപ്പൊക്കം ഉണ്ടാകുകയും വീടുകളിൽ വെള്ളം കയറി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുകയും ചെയ്യുന്നതിനാൽ ഈ സാഹചര്യം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711-01-103-9**3 - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - മലബാർ ജലസേചന പാക്കേജ് (മിർപാ) ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ മുതലായവയുടെ നിർമ്മാണവും അറ്റകുറ്റപ്പണികളും.

മലബാർ മേഖലയിലെ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4711 – 01 -103-81** – വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ സംബന്ധിച്ച മൂലധനച്ചെലവ് - വെള്ളപ്പൊക്ക നിയന്ത്രണം - സിവിൽ പണികൾ - കേരള സുസ്ഥിര തീര സംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധത്തിനുമുള്ള ആസൂത്രണ പദ്ധതി - ലോകബാങ്ക്/ എ.ഡി. ബി സഹായ പദ്ധതി

കേരള സുസ്ഥിര തീരസംരക്ഷണത്തിനും കാലാവസ്ഥാ പ്രതിരോധത്തിനുമുള്ള ആസൂത്രണ പദ്ധതി മിഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും Integrated River Basin Management Plan For Pamba Basin and Comprehensive Shoreline Management പദ്ധതിക്കായി 10 കോടി രൂപയും സുസ്ഥിര തീര സംരക്ഷണത്തിനും കാലാവസ്ഥ പ്രതിരോധത്തിനും വേണ്ടി 800 കോടി രൂപയും Kerala shoreline Resilience Initiative -നുവേണ്ടി 250 കോടി രൂപയും ഉൾപ്പെടെ ആകെ 1065 കോടി രൂപയുടെ ശിപാർശ 2025-26 ലെ ആനുവൽ പ്ലാൻ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിനായി ഈ ശീർഷകത്തിൽ 1065 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>കേരള സംസ്ഥാന ജലവിഭവ വകുപ്പ്</u>

## <u>(പ്രോജക്ട്സ്-1 വിഭാഗം)</u>

**2700-03-101** – വൻകിട ജലസേചനം - വാളയാർ പദ്ധതി (വാണിജ്യപരം)- സംരക്ഷണപ്പണികൾ

3997 ഹെക്ടർ വിസ്തൃതിയുള്ള കാർഷിക മേഖലയിലെ ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്ക് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-05** – വൻകിട ജലസേചനം -മീൻകര പദ്ധതി (വാണിജ്യപരം)

ഗായത്രിപ്പുഴ Stage-I spillover 2 പദ്ധതികളുടെ 5465 ഹെക്ടർ പ്രദേശത്തേക്കുള്ള ജലസേചന കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-12** - വൻകിട ജലസേചനം - പഴശ്ശി പ്രോജക്ട് (നോൺ പ്ലാൻ)

കനാലുവഴിയുള്ള ജലസേചനത്തിന് മുന്നോടിയായുള്ള കാടുവെവെട്ടിത്തെളിക്കൽ, സിൽട്ട് നീക്കം ചെയ്യൽ തുടങ്ങിയ പ്രാഥമിക പ്രവൃത്തികൾക്കും ടീ കട്ടിംഗ് തുടങ്ങിയവയ്ക്കുമായി __ഈ ശീർഷകത്തിൽ 2.45 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന്_ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-18** - വൻകിട ജലസേചനം- കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി (നോൺ പ്ലാൻ)

കാഞ്ഞിരപ്പുഴ ഡാമിന്റെയും കനാലുകളുടെയും മറ്റ് അനുബന്ധ നിർമ്മിതികളുടെയും അറ്റകുറ്റപ്പണികൾക്കും ജലവിതരണത്തിന് മുന്നോടിയായി കനാലുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും വളർന്നു നിൽക്കുന്ന ചെടികളും നീക്കം ചെയ്യുന്നതിനുമായി ഈ ശീർഷകത്തിൽ 1.5270 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-12** - ഇടത്തരം ജലസേചനം - അട്ടപ്പാടി ജലസേചന പദ്ധതി (നോൺ പ്ലാൻ)

ളുളിക്കടവ് - ചിറ്റൂർ റോഡിലെ അടിയന്തര പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-20-101** - ഇടത്തരം ജലസേചനം - വെള്ളിയാംകല്ല് കാസ് വേ (വാണിജ്യേതരം)-സംരക്ഷണപ്പണികൾ

എച്ച്. ആർ. ജീവനക്കാരുടെ വേതനം, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള നിലവിലെ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ

അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 12-800** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
പഴശ്ശി പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ

പഴശ്ശി ജലസേചന പദ്ധതിയുടെ റീ-കമ്മീഷനിംഗ് നടക്കുന്നതിനാൽ കനാൽ ശൃംഖലയും കനാൽ സ്ട്രക്ചറുകളും നവീകരിക്കുന്നതിനും അതുവഴി കനാൽ ശൃംഖലകളിലൂടെ നിർബാധം ജലം ഒഴുകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 74 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 13 -800** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -
കുറ്റ്യാടി ജലസേചന പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ

അൻപത് വർഷത്തോളം കാലപ്പഴക്കമുള്ള നിലവിലെ കനാൽ സ്ട്രക്ച്ചറുകളുടെ അറ്റകുറ്റപ്പണികൾക്കും പ്രതിവർഷം പതിനായിരം ഹെക്ടറിൽ കൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 18-800-92** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -
കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ-
കനാലുകൾ

നാല്പത് വർഷം പഴക്കമുള്ള കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിലൂടെയുള്ള സുഗമമായ ജലസേചനത്തിനായി കനാൽ ശൃംഖലകളുടെയും അനുബന്ധനിർമ്മിതികളുടെയും പുനരുദ്ധാരണ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 18-800-87** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
കാഞ്ഞിരപ്പുഴ പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ-
കാഞ്ഞിരപ്പുഴ പദ്ധതിയുടെ നവീകരണം
(നബാർഡ്- ആർ. ഐ. ഡി .എഫ്)

നബാർഡിന്റെ ആർ.ഐ.ഡി.എഫ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 28** – വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -
ബാണാസുര സാഗർ പദ്ധതി (വാണിജ്യേതരം)

സംസ്ഥാന സർക്കാരിന്റെ നിർദ്ദേശാനുസരണം 2025-26 സാമ്പത്തിക വർഷത്തോടെ ബാണാസുരസാഗർ ജലസേചന പദ്ധതിയുടെ 840 ഹെക്ടറിന്റെ കമ്മീഷനിംഗ് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ പ്രവൃത്തിയുടെ വിവിധ ശീർഷകങ്ങളിൽ 30.26 കോടി രൂപയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണ ചെലവുകളുടെ നിർവഹണത്തിനായി 6.3 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 36.62 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബജറ്റ് വിഹിതം അനുവദിച്ചിട്ടും സമിതിക്ക് ലഭ്യമാക്കിയ നോട്ടിൽ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് എന്തുകൊണ്ടാണെന്നും ശമ്പള ചെലവുകൾക്കുള്ള തുക അനുവദിക്കുന്നതിന് പ്രത്യേകം ശീർഷകം നിലവിലുണ്ടോ എന്നും സമിതി ആരാഞ്ഞു. ശമ്പള ചെലവുകൾക്ക് മുൻവർഷങ്ങളിൽ പ്രത്യേകം ശീർഷകം ഉണ്ടായിരുന്നുവെങ്കിലും ഇപ്രാവശ്യം പ്രത്യേക ശീർഷകം അനുവദിച്ചിട്ടില്ല എന്ന് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.തുടർന്ന് പ്രസ്തുത തുക പ്രത്യേകം ശമ്പള ഹെഡിൽ അനുവദിക്കണമെന്നാവശ്യപ്പെടണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**4701 –12-800** – ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
അട്ടപ്പാടി പദ്ധതി (വാണിജ്യേതരം)-മറ്റു ചെലവുകൾ

അട്ടപ്പാടി ജലസേചന പദ്ധതിയുടെ ഐ.ബി-യുടെ അടിയന്തര അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 –13** **–** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - കബനി - കാരാപ്പുഴ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ

കാരാപ്പുഴ ജലസേചന പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 76.74 കോടി രൂപയും ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10.73 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 87.47 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 – 18** **–** ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജ് (വാണിജ്യേതരം)

ചമ്രവട്ടം ആർ.സി.ബി-യുടെ ഡൗൺ സ്ട്രീം ഭാഗത്തെ സംരക്ഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 15 കോടി രൂപയും ജീവനക്കാരുടെ നടപ്പ് സാമ്പത്തിക വർഷത്തെ ശമ്പളം ഉൾപ്പെടെയുള്ള ഭരണനിർവ്വഹണ ചെലവുകൾക്കായി 2.69 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 17.69 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിലും സാലറി ചെലവിനുള്ള തുക അനുവദിച്ചിട്ടില്ല എന്ന് വിലയിരുത്തിയ സമിതി, മുൻവർഷങ്ങളിൽ സാലറി ഹെഡിൽ തുക അനുവദിക്കുകയും ഇത്തവണ തുക അനുവദിക്കാതിരിക്കുന്നതും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാവശ്യമാണെന്ന് കൂട്ടിച്ചേർത്തു. ഇക്കാര്യത്തിൽ

പ്ലാനിംഗ് ബോർഡിൽ നിന്നും വ്യക്തത വരുത്തി തുടർനടപടി സ്വീകരിക്കാമെന്ന് ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ് ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു. തുടർന്ന് വകുപ്പുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും കാര്യങ്ങൾ ഉണ്ടെങ്കിൽ അവ പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള ചുമതല ധനകാര്യ വകുപ്പിനുണ്ടെന്നും സർക്കാരിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സഹായിക്കുന്ന ഒരു സംവിധാനമായാണ് പ്ലാനിംഗ് ബോർഡിനെ കാണേണ്ടതെന്നും വിഷയങ്ങൾ യഥാസമയം പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയാതെ വരുമ്പോഴാണ് ഇതുപോലുള്ള പ്രശ്നങ്ങൾ രൂപപ്പെടുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

## ധനാഭ്യർത്ഥന XXXVIII

## (ജലസേചനം-പ്രോജക്ട് 2)

**2700-01-101-98 - 18** - വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ -

സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ-സംരക്ഷണം

ഈ പദ്ധതിയിൽ ഏകദേശം 40 വർഷം മുൻപ് നിർമ്മിച്ച മിക്ക കനാലുകളുടെയും ലൈനിംഗ് തകർന്ന നിലയിലും ഹൈഡ്രോളിക് പർട്ടിക്കുലേഴ്സിന് വ്യതിയാനം സംഭവിച്ചിട്ടുള്ള നിലയിലുമായതിനാൽ കൂടുതൽ കനാലുകൾ തകരാതിരിക്കുവാൻ പ്രസ്തുത കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുവാനും കനാലുകളുടെ വാലറ്റം വരെ ജലലഭ്യത ഉറപ്പാക്കി ജലസേചന ആവശ്യങ്ങൾ പൂർണമായും കൈവരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10.1117 കോടി രൂപ അധികമായിധനപുന:വിനിയോഗം/ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-01-101-98 - 82** വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം ) സംരക്ഷണപ്പണികൾ -

സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ-ഗാർഡനുകൾ

പെരിയാർവാലി പൂന്തോട്ട പരിപാലനത്തിനും ടൂറിസം സാധ്യതകൾ പരിഗണിച്ചുള്ള പ്രവൃത്തികളുടെ നിർവ്വഹണത്തിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ

അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-01-101 - 99** - വൻകിട ജലസേചനം - പെരിയാർ നദീതട പദ്ധതി (വാണിജ്യപരം) സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ്

പി.വി.ഐ.പി-യുടെ കനാലുകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് സുഗമമായ ജലവിതരണം ഉറപ്പാക്കുന്നതിനുവേണ്ടി കനാലുകളിലെ തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി എച്ച്. ആർ വർക്കർമാരെ നിയോഗിക്കേണ്ടത് അനിവാര്യമായതിനാലും കനാലുകൾക്ക് സമീപം അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനും പി.വി.ഐ.പി പൊന്നും വിലയ്ക്കെടുത്ത ഭൂമി നഷ്ടപ്പെടാതെ സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-11-101 - 99** - വൻകിട ജലസേചനം - നെയ്യാർ ജലസേചന പദ്ധതി (വാണിജ്യേതരം ) സംരക്ഷണപ്പണികൾ - വർക്ക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ്-വേതനം

നെയ്യാർ ജലസേചന പദ്ധതിയുടെ ഭാഗവും വിനോദസഞ്ചാര കേന്ദ്രവുമായ നെയ്യാർ ഡാമിന്റെയും പരിസരപ്രദേശങ്ങളുടെയും ശുചീകരണം, പരിപാലനം തുടങ്ങിയവ നിർവഹിക്കുന്ന എച്ച്. ആർ ജീവനക്കാർക്കും നെയ്യാർ ഡാമിന്റെ സെക്യൂരിറ്റി ചുമതല നിർവ്വഹിക്കുന്ന KEXCON മുഖേന കരാറടിസ്ഥാനത്തിൽ നിയമിതരായിരിക്കുന്ന വിമുക്തഭടന്മാർക്കും വേതനം നൽകുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-14-101-98-18** - വൻകിട ജലസേചനം - വടക്കാഞ്ചേരി പദ്ധതി (വാണിജ്യേതരം)- സംരക്ഷണപ്പണികൾ -സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ- സംരക്ഷണം

വാഴാനി പദ്ധതിയുടെ കീഴിൽ വരുന്ന ഡാമിന്റെയും കനാലുകളുടെയും ചിറകളുടെയും അടിയന്തര അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 10.50 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-16-101-99** - വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ-വർക് ചാർജ്ജ്ഡ് എസ്റ്റാബ്ലിഷ്മെൻറ്

താൽക്കാലിക ജീവനക്കാരുടെ വേതനം നൽകുന്നതിനായും പദ്ധതിയുടെ മറ്റ് ചെലവുകൾക്കായും ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-16-101-98** - വൻകിട ജലസേചനം - പമ്പാ ജലസേചന പദ്ധതി (വാണിജ്യേതരം)-സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ

നാല്പതിലേറെ വർഷം പഴക്കമുള്ള കനാലുകൾ പലതും പൊട്ടിപ്പൊളിഞ്ഞതും തകർന്ന നിലയിലുമായതിനാൽ ആയവ അറ്റകുറ്റപ്പണി നടത്തി കനാലിന്റെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ഈ ശീർഷകത്തിൽ 19.85 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2700-27-101-98-18** - വൻകിട ജലസേചനം - കല്ലട ജലസേചന പദ്ധതി (വാണിജ്യേതരം) -സംരക്ഷണപ്പണികൾ -മറ്റു ചെലവുകൾ-സംരക്ഷണം

നാല്പതിലേറെ വർഷം പഴക്കമുള്ള കനാലും അനുബന്ധ നിർമ്മിതികളും അത്യന്തം ശോചനീയാവസ്ഥയിലും ജീർണ്ണിച്ച നിലയിലുമായതിനാൽ ആയിരം കിലോമീറ്ററോളം ദൈർഘ്യമുള്ള പ്രസ്തുത കനാൽ പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-02-101-98** - ഇടത്തരം ജലസേചനം- ചാലക്കുടി നദി തിരിച്ചു വിടൽ പദ്ധതി (വാണിജ്യപരം ) - സംരക്ഷണപ്പണികൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ

കനാലുകളുടെ സൈഡ് ലൈനിംഗ് , കനാൽ ബെഡ് തുടങ്ങിയവ മോശം അവസ്ഥയിലായതിനാൽ വിതരണം ചെയ്യുന്ന ജലം കനാലുകളുടെ അവസാന ഭാഗം വരെ എത്താതിരിക്കുന്ന അവസ്ഥയായതിനാൽ കാലപ്പഴക്കം വന്ന പ്രസ്തുത കനാലുകൾ അറ്റകുറ്റപ്പണി ചെയ്തു ജലവിതരണം സുഗമമാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-03-101-98-18** - ഇടത്തരം ജലസേചനം- ചീരക്കുഴി പദ്ധതി (വാണിജ്യപരം ) - സംരക്ഷണപ്പണികൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ -സംരക്ഷണം

2024 നവംബർ മാസം ഉണ്ടായ അപ്രതീക്ഷിത മഴയും വെള്ളപ്പൊക്കവുംമൂലം ചീരക്കുഴി വിയറിനും സമീപ ഭാഗങ്ങൾക്കും കനാലുകൾക്കും ഉണ്ടായ ഭീമമായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 2.23 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701-14-101-98-18** - ഇടത്തരം ജലസേചനം- ചിമ്മിണി പദ്ധതി(വാണിജ്യേതരം) സംരക്ഷണപ്പണികൾ - സംരക്ഷണപ്പണികൾ-മറ്റു ചെലവുകൾ- സംരക്ഷണം

ജിയോ ബാഗ് ഉപയോഗിച്ചുള്ള ചിറകളുടെ നിർമ്മാണം, അടിയന്തര പ്രവൃത്തികൾ, ചിമ്മിണി ഡാമിന്റെ അറ്റകുറ്റപ്പണികൾ, ക്യാമ്പസ് ഓഫീസ് ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 32 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 – 20-001-97** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്
ഇടമലയാർ പദ്ധതി (വാണിജ്യേതരം)-ഭരണവും
നടത്തിപ്പും-നടത്തിപ്പ്

ഇടമലയാർ ജലസേചന പദ്ധതിയുടെ നടത്തിപ്പിനായി അങ്കമാലിയിൽ പ്രവർത്തിക്കുന്ന ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-1 കാര്യാലയത്തിലെയും ചാലക്കുടിയിൽ പ്രവർത്തിക്കുന്ന ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് ഡിവിഷൻ നമ്പർ-2 കാര്യാലയത്തിലെയും അവയുടെ ഉപകാര്യാലയങ്ങളിലെയും ജീവനക്കാരുടെ ശമ്പള വിതരണത്തിനും വിവിധ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചിലവുകൾക്കായി ഈ ശീർഷകത്തിൽ 11.2971 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -20 - 800-92 -** വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -
ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റുചെലവുകൾ -
കനാലുകൾ

ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്ന കനാലുകളുടെ അറ്റകുറ്റപ്പണികൾക്കും മറ്റു അടിയന്തര പ്രവൃത്തികൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 21.4567 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -20 - 800-97** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് -
ഇടമലയാർ പദ്ധതി (വാണിജ്യേതരം)- മറ്റു ചെലവുകൾ
അണക്കെട്ടും അനുബന്ധ പണികളും

ഇടമലയാർ ജലസേചന പദ്ധതിയുടെ 32.179 കി.മീ ദൈർഘ്യമുള്ള മെയിൻ കനാലും 14.863 കി.മീ ദൈർഘ്യമുള്ള ലോ-ലെവൽ കനാലും പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ലോ-ലവൽ കനാലിന്റെ ബ്രാഞ്ച് കനാലുകൾ പൂർത്തീകരിച്ചിട്ടില്ല. കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് നിലവിലെ കനാലുകളുടെ ജലസേചന വിസ്തൃതി വർദ്ധിപ്പിക്കാനുള്ള പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -22 - 001-98 -** വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും- മേൽനോട്ടം

മൂവാറ്റുപുഴ പദ്ധതി സർക്കിൾ കാര്യാലയത്തിലെ ജീവനക്കാരുടെ ശമ്പള വിതരണത്തിനായും മറ്റ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.5672 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700 -22 - 001-97** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - മൂവാറ്റുപുഴ പദ്ധതി (വാണിജ്യേതരം)- ഭരണവും നടത്തിപ്പും- നടത്തിപ്പ്

മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ നടത്തിപ്പ് കാര്യാലയങ്ങളായ മൂവാറ്റുപുഴ എം.വി.ഐ. പി ഡിവിഷൻ നമ്പർ.3 കാര്യാലയത്തിലെയും പിറവം ഡിവിഷൻ നമ്പർ.4 കാര്യാലയത്തിലെയും അവയുടെ ഉപകാര്യാലയങ്ങളിലെയും ജീവനക്കാരുടെ ശമ്പള വിതരണത്തിനും മറ്റ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ചെലവുകൾക്കായി ഈ ശീർഷകത്തിൽ 14.4843 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 -80 -800-76-01** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ-മരാമത്തു പണികൾ

പി.വി.ഐ.പി-യുടെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെയും ക്വാർട്ടേഴ്സുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥനകൾ XXXVIII ജലസേചനം

### (കുട്ടനാട് പാക്കേജ്)

4711-01-103-86 PV (പ്രധാൻമന്ത്രി കൃഷി സിൻചായ് യോജന കുട്ടനാട് ഫ്ലഡ് മാനേജ്മെന്റ് കംപോണന്റ് 50% സി.എസ്.എസ്.)

4711-01-103-84 PV കുട്ടനാട് വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ

4711-01-103-83 PV കുട്ടനാടിനുവേണ്ടിയുള്ള നബാർഡ്-RIDF സഹായം (പ്ലാൻ)

പ്രസ്തുത ശീർഷകങ്ങളിൽ തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമില്ലായെന്നാണ് വകുപ്പിൽ നിന്നും ലഭ്യമാക്കിയ നോട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഒരംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

തോട്ടപ്പള്ളി സ്പിൽവേയിൽ ഷട്ടർ മാറാത്തതുകാരണം ഉപ്പുവെള്ളം കയറി നാശനഷ്ടങ്ങളുണ്ടാകുന്ന സ്ഥിതിവിശേഷമുള്ളതിനാൽ അതിനുള്ള ശാശ്വത പരിഹാരം എന്ന നിലയിൽ പുതിയ ഷട്ടർ സ്ഥാപിച്ചില്ലെങ്കിൽ ഭാവിയിൽ പ്രസ്തുത വിഷയം കൂടുതൽ സങ്കീർണ്ണമാകുമെന്നും അതിനാൽ, തോട്ടപ്പള്ളി സ്പിൽവേയിൽ നിലവിലുള്ള ഷട്ടറുകൾക്ക് പകരം പുതിയ ഷട്ടർ സ്ഥാപിക്കുന്നതിനായി അധിക തുക ആവശ്യപ്പെടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**2711 – 01- 001- 99- 01- 4** – വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും - വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടത്തിപ്പ് , ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ് (75%സി.എസ് .എസ് .)-ശമ്പളം-മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 3.5 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01- 001- 99- 05- 2** – വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും- നടത്തിപ്പ്, ചീഫ് എൻജിനീയർ കുട്ടനാട് പാക്കേജ് (75%സി.എസ്.എസ്.)-ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

വൈദ്യുതി നിരക്കിൽ ഉണ്ടായ വർദ്ധനവ് നികത്തുന്നതിലേക്കായി കേന്ദ്രീകൃത ബില്ലിംഗിലൂടെ കീഴ്-കാര്യാലയങ്ങളിൽ ഉൾപ്പെടെയുള്ള വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്ന പ്രസ്തുത ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01- 001- 97- 45** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും
വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-
നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75%സി.എസ്.എസ .)-പി. ഒ. എൽ

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള 5 ഡിവിഷൻ ഓഫീസുകൾക്കും അനുബന്ധ കാര്യാലയങ്ങൾക്കും ഇന്ധന ചെലവ് ഇനത്തിലുള്ള കുടിശ്ശിക നിവാരണത്തിനും ഇന്ധന വില വർദ്ധനവ് മൂലമുള്ള അധിക ചെലവ് നികത്തുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01- 001- 97- 21-2** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -
വെള്ളപ്പൊക്ക നിയന്ത്രണം - ഭരണവും നടത്തിപ്പും-
നടപ്പാക്കൽ കുട്ടനാട് പാക്കേജ് (75%സി.എസ് .എസ് .)-
മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകളിലെയും അനുബന്ധ കാര്യാലയങ്ങളിലെയും വാഹനങ്ങളുടെ അറ്റകുറ്റപ്പണി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും വാഹനങ്ങളുടെ കാലപ്പഴവും സ്പെയർപാർട്സുകളുടെ വിലവർദ്ധനവും മൂലമുണ്ടാകുന്ന അധിക ചെലവ് നികത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.93 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2711 – 01- 001- 97- 99** - വെള്ളപ്പൊക്ക നിയന്ത്രണവും ഡ്രെയിനേജും -വെള്ളപ്പൊക്ക
നിയന്ത്രണം - ഭരണവും നടത്തിപ്പും- നടപ്പാക്കൽ കുട്ടനാട്
പാക്കേജ് (75%സി.എസ് .എസ് .)- വിവരസാങ്കേതിക വിദ

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായുള്ള കാര്യാലയത്തിന് കീഴിലുള്ള അഞ്ച് ഡിവിഷൻ ഓഫീസുകൾക്കും അനുബന്ധ കാര്യാലയങ്ങൾക്കും അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പരിപാലനത്തിനായും ഈ ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അധിക ചെലവ് നികത്തുന്നതിനുമായി_ഈ ശീർഷകത്തിൽ 1.25 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**XXXVIII (ജലസേചനം)**
**ചീഫ് എഞ്ചിനീയറുടെ കാര്യാലയം**
**പര്യവേഷണവും രൂപകല്പനയും**
**(ഐ.ഡി.ആർ.ബി.)**

**ജലസേചന വകുപ്പ് തിരുവനന്തപുരം**

**2701 –80 –005– 92** – ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും ഹൈഡ്രോളജി - ഇൻഫർമേഷൻ സിസ്റ്റം- ആധുനികവൽക്കരണം

കേരളത്തിൽ ഉടനീളം സ്ഥാപിച്ചിട്ടുള്ള River Gauge, Rain Gauge സ്റ്റേഷനുകളുടെ അറ്റകുറ്റപ്പണികൾ, കേടായ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്ന പ്രവൃത്തികൾ, വിവരശേഖരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങൽ, ഡാറ്റാ സെന്ററുകളുടെ പരിപാലനം തുടങ്ങിയ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2701 –80 –005– 93 –** ഇടത്തരം ജലസേചനം - ജനറൽ - സർവ്വേയും ഇൻവെസ്റ്റിഗേഷനും -ഡിസൈൻ വിംഗ് - ആധുനികവൽക്കരണം

ഡിസൈൻ വിഭാഗങ്ങളിൽ അത്യാവശ്യമായി വേണ്ട സോഫ്റ്റ്‌വെയർ, പ്ലോട്ടർ, ഡിസൈൻ സോഫ്റ്റ്‌വെയർ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഉപകരണങ്ങളുടെയും സോഫ്റ്റ്‌വെയറുകളുടെയും ആനുവൽ മെയിൻറനൻസ് കോൺട്രാക്ട്,

പരിശീലന പരിപാടികൾ, വിവിധ അന്താരാഷ്ട്ര ദേശീയ സ്ഥാപനങ്ങളിൽ നിന്നുള്ള വിദഗ്ദ്ധരുമായുള്ള സാങ്കേതിക ചർച്ചകൾ, നിലവിലുള്ള ഐ. ഡി. ആർ. ബി. ബോർഡ് റൂമിന്റെ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ നവീകരണം, ഐ. ഡി. ആർ. ബി. യിലെ ഉദ്യോഗസ്ഥർക്ക് കേന്ദ്ര ജല കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള ഡിസൈൻ ഓഫ് ഡാം ആൻഡ് അപ്പർട്ടൻസ് സ്ട്രക്ചേഴ്സ് എന്ന വിഷയത്തിൽ പൂനെ നാഷണൽ വാട്ടർ അക്കാദമി മുഖാന്തരം നടപ്പിലാക്കുന്ന മൂന്നാഴ്ച നീണ്ടുനിൽക്കുന്ന വിദഗ്ധ പരിശീലനത്തിനുള്ള ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700- 80-005-99 (01)** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - സർവ്വേയും അന്വേഷണവും - ജലസേചന പദ്ധതികളിന്മേൽ അന്വേഷണം - മരാമത്തു പണികൾ

കാവേരി നദീജല തർക്ക പരിഹാര ട്രൈബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിന് അനുവദിച്ച 30 ടി. എം. സി ജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 5.15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4700- 80-800-97 -01** - വൻകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഡാം സുരക്ഷാ സംഘടനയും ഡാം സുരക്ഷാ നടപടികളും- മരാമത്തുപണികൾ

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പതിനഞ്ച് ഡാമുകളുടെയും മൂന്ന് ബാരേജുകളുടെയും ഒരു റെഗുലേറ്ററിൻറെയും അടിയന്തര സ്വഭാവമുള്ള സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ, ബാരേജുകളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾ, കാലവർഷത്തിന് മുമ്പും ശേഷവുമുള്ള അണക്കെട്ട് പരിശോധനകൾ, ഡാം

സുരക്ഷാ നിയമം 2021 പ്രകാരം പത്തൊൻപത് ഡാമുകൾ, ബാരേജുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ സിവിൽ, മെക്കാനിക്കൽ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ എന്നിവ നടപ്പിലാക്കുന്നതിന് 2024-25 സാമ്പത്തിക വർഷം ബജറ്റിൽ അനുവദിച്ച തുക 50 ശതമാനമായി നിജപ്പെടുത്തിയതിനാൽ 250 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകാൻ സാധിക്കാതെ വന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ആവശ്യകത കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4701 -80 -800-99 -34-3** - ഇടത്തരം ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ-മറ്റു ചെലവുകൾ - കേരള എഞ്ചിനീയറിംഗ് റിസർച്ച് സ്റ്റേഷൻ, പീച്ചി സ്റ്റേജ് II -വികസനം- മറ്റു ചെലവുകൾ- മറ്റിനം

ജലസേചന വകുപ്പിന്റെ ഏക ഗവേഷണ സ്ഥാപനമായ പീച്ചയിലെ കേരള എൻജിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്(KERI)- നെ പൂനെയിലുള്ള CWPRS സ്ഥാപനത്തിന്റെ മാതൃകയിൽ സെന്റർ ഓഫ് എക്സലൻസ് പദവിയിലേക്ക് ഉയർത്തുന്നതിനായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും നവീകരണത്തിനും ഗുണനിലവാര പരിശോധനാ ലാബുകളുടെ പുനരുദ്ധാരണത്തിനും ഭൂതല സർവ്വേയിൽ വിവര ശേഖരണം അതിവേഗത്തിലാക്കുന്നതിനായി നിലവിലുള്ള ഉപഗ്രഹങ്ങൾക്ക് പുറമേ കൂടുതൽ വിദേശ ഉപഗ്രഹങ്ങളിൽ നിന്നും സംവേദനങ്ങൾ സ്വീകരിക്കാൻ നിലവിലുള്ള ഉപകരണങ്ങളെ സജ്ജമാക്കുന്നതിനും ഡാമിന്റെ രൂപകൽപ്പനയ്ക്ക് മുന്നോടിയായി വിവിധ ഡാമുകളുടെ മാതൃകാ പഠനം, കാവേരി നദീതടത്തിലെ അണക്കെട്ടുകളുടെ മാതൃകാ പഠനം എന്നിവ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാരിന്റെ ഭരണപരമായ കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായ വിഷയനിർണ്ണയ സമിതി യോഗങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന കുറിപ്പുകളിൽ

നിരവധി തെറ്റുകൾ കടന്നുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഓരോ ഹെഡ്സ് ഓഫ് അക്കൗണ്ടിലും അധിക തുക ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും അതിനുള്ള വിശദീകരണം വളരെ വ്യക്തമായി സമിതിക്ക് ലഭ്യമാക്കുന്ന കുറിപ്പിൽ സൂചിപ്പിക്കേണ്ടതും അധിക ധനസമാഹരണത്തിനായി ആവശ്യപ്പെടുന്ന തുകകൾ തുടക്കം മുതൽ അവസാനംവരെ ലക്ഷം/ആയിരം എന്ന ഏതെങ്കിലും ഒരു രീതിയിൽ രേഖപ്പെടുത്തേണ്ടതും അഡീഷണൽ ഓതറൈസേഷന് അപേക്ഷിക്കുന്ന സന്ദർഭത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഹെഡ്സ് ഓഫ് അക്കൗണ്ട് ഉണ്ടെന്ന കാര്യം ധനകാര്യവകുപ്പ് ഉറപ്പാക്കേണ്ടതും കൂടാതെ, ഇത്തരത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിക്കുന്ന തുക നഷ്ടപ്പെടുത്താതിരിക്കുന്നതിനുള്ള ഉത്തരവാദിത്വം വകുപ്പുകളുടെതാണെന്നും ബജറ്റ് വിഹിതത്തിനുപുറമെ അഡീഷണൽ ഓതറൈസേഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അതുകൂടി സമിതിക്ക് ലഭ്യമാക്കുന്ന കുറിപ്പിൽ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി ഓർമ്മിപ്പിച്ചു.

ഉച്ചയ്ക്കുശേഷം 12.50-ന് യോഗം അവസാനിച്ചു.

*****************

## 5. 20.02.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-III , 2025 ഫെബ്രുവരി മാസം 20-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 02.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു.ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ:**

1. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.,
2. ശ്രീ. എച്ച്. സലാം , ,,
3. ശ്രീ. ടി. സിദ്ദിഖ്, ,,

**<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>**

1. ശ്രീ. ആർ. എസ്.സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

**<u>ഹാജരായ ഉദ്യോഗസ്ഥർ:</u>**

1. ശ്രീ. ബിശ്വനാഥ് സിൻഹ, അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്
2. ശ്രീ. സജി കുമാർ ജെ., സ്പെഷ്യൽ സെക്രട്ടറി, ജലവിഭവ വകുപ്പ്
3. ശ്രീ. ജീവൻ ബാബു കെ., മാനേജിംഗ് ഡയറക്ടർ, ജലഭവൻ, കേരള വാട്ടർ അതോറിറ്റി
4. ശ്രീമതി സുനീജ ബീഗം എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീമതി ദീപ എൻ. സി., ജോയിന്റ് സെക്രട്ടറി, ജലവിഭവ വകുപ്പ്
6. ശ്രീമതി ബീന തങ്കം പി. എൽ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഓഫീസ് ഓഫ് ദ ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
7. ശ്രീമതി രേഖ പി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (PIU-1), കേരള വാട്ടർ അതോറിറ്റി
8. ശ്രീ. കൃഷ്ണ കുമാർ വി. എസ്., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (PIU-3), കേരള വാട്ടർ അതോറിറ്റി
9. ശ്രീമതി ബിന്ദു ഗോപിനാഥ്, സൂപ്രണ്ടിംഗ് ഹൈഡ്രോ ജിയോളജിസ്റ്റ് ആൻഡ് നോഡൽ ഓഫീസർ, ഭൂജല വകുപ്പ്
10. ശ്രീമതി എസ്. റിനി റാണി, ഡയറക്ടർ (ഇൻചാർജ്ജ്), ഭൂജല വകുപ്പ്
11. ശ്രീ. ടി. കെ. മണി, ഡയറക്ടർ-ടെക്നിക്കൽ (ഇൻചാർജ്ജ്), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
12. ശ്രീ. പി. കെ. ജോണി, ഡെപ്യൂട്ടി ഡയറക്ടർ (IEC&HR), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
13. ഡോ. വി. പ്രദീപ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ (WC), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി

14. ശ്രീ. പ്രമോദ് കെ., ഡെപ്യൂട്ടി ഡയറക്ടർ (M&E), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
15. ശ്രീ. മുഹമ്മദ്ദ് ആൻസൽ എച്ച്., ഡെപ്യൂട്ടി ഡയറക്ടർ (പ്രോജക്ട്-ഫിനാൻസ്), കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസി
16. ശ്രീമതി അന്ന എസ്. നായർ, അസിസ്റ്റന്റ് കമ്മീഷണർ, റവന്യൂ വകുപ്പ്
17. ശ്രീമതി ഷീബ ജി. ആർ., സീനിയർ ഫിനാൻസ് ഓഫീസർ (ഇറിഗേഷൻ ആൻഡ് അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്
18. ശ്രീമതി നിഷ എസ്., സീനിയർ ഫിനാൻസ് ഓഫീസർ, ഭൂജല വകുപ്പ്
19. ശ്രീ. ഷിജിത് വി., ഫിനാൻസ് മാനേജർ ആൻഡ് ചീഫ് അക്കൗണ്ട് ഓഫീസർ, കേരള വാട്ടർ അതോറിറ്റി
20. ശ്രീ. സജിത് കുമാർ എസ്. എസ്., അക്കൗണ്ട്സ് മാനേജർ, കേരള വാട്ടർ അതോറിറ്റി

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുമായി ബന്ധപ്പെട്ട് XX (ശുദ്ധജലവിതരണവും ശുചീകരണവും). XXIX (കൃഷി) എന്നീ നമ്പർ ധനാഭ്യർത്ഥനകൾ സംബന്ധിച്ച കുറിപ്പ്, 2023-24 ലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 29-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരമുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**ജലവിഭവ വകുപ്പ്**

**(കേരള ജല അതോറിറ്റി)**

**ധനാഭ്യർഥന നമ്പർ XX – ശുദ്ധജല വിതരണവും ശുചീകരണവും**

**4215 - 01- 102- 98 (01)** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം-നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ - നബാർഡ് സഹായമുള്ള ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ കൊടുത്തു തീർക്കാൻ ശേഷിക്കുന്ന 15% സംസ്ഥാന വിഹിതത്തിന്റെ കുടിശ്ശിക തുക കൊടുക്കുന്നതിനും 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 15.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-106-97** - ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - വായു-ജല മലിനീകരണം തടയൽ-നദി മലിനീകരണം തടയുന്നതിനും എൻ.ജി.ടി. നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുമുള്ള പ്രവൃത്തി

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നദികളിലെ മലിനീകരണം തടയുന്നതിനും ദേശീയ ഹരിത ട്രിബ്യൂണൽ നിർദ്ദേശം പാലിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 1.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-92** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയുടെ വെല്ലിംഗ്ടൺ വാട്ടർ വർക്സ് , ഹെഡ് ഓഫീസ് പരിസരം എന്നിവ സാംസ്കാരികവും വിദ്യാഭ്യാസപരവുമായി ആകർഷണീയമാക്കി മാറ്റുന്നതിനായി പഴയ ഓഫീസ് കെട്ടിടത്തിന്റെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, വാട്ടർ മ്യൂസിയത്തിന്റെ പ്രവൃത്തികൾ, നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള പതിനഞ്ച് ഗസ്റ്റ് ഹൗസുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 28.14 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 800- 88 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ജിക്ക സഹകരണത്തോടുള്ള കേരള ശുദ്ധജലവിതരണ പദ്ധതി.

ജിക്ക സഹകരണത്തോടെയുള്ള ശുദ്ധജലവിതരണ പദ്ധതിതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനായി ഈ ശീർഷകത്തിൽ 12.37 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 02- 190- 99** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള വായ്പകൾ - കേരള ജല അതോറിറ്റിയുടെമാലിന്യ സംസ്കരണ പദ്ധതി.

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും സ്വച്ഛ് ഭാരത് മിഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾക്കായുള്ള സ്വീവറേജ് നെറ്റ് വർക്ക് സ്ഥാപിക്കൽ ഉൾപ്പെടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 492.44 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 101- 97 -** ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- നഗര ജലവിതരണ പദ്ധതികളുടെ മെച്ചപ്പെടുത്തൽ/പുനരധിവാസം

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 97** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം- ഗ്രാമീണ ജലവിതരണ പദ്ധതികൾ

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 27.33 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 89** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തൽ.

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 38.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**4215 – 01– 800– 91** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - മറ്റു ചെലവുകൾ - മാനവശേഷി വികസനവും ഗവേഷണവും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.16 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 92** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -ശുദ്ധജലവിതരണം - മറ്റു ചെലവുകൾ- ജലസംരക്ഷണവും ഉറവിടം മെച്ചപ്പെടുത്തലും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/

ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-88** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം- പൊതുമേഖലാസ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - ഇ – ഗവേർണൻസ് , ജി. ഐ.എസ് . ഉം ഇൻഫർമേഷൻ മാനേജ്മെന്റും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും കേരള വാട്ടർ അതോറിറ്റിയിൽ പഞ്ചിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും ഹൈ എൻഡ് ലാപ്ടോപ്പുകൾ, ഡെസ്ക് ടോപ്പുകൾ എന്നിവ വാങ്ങുന്നതിലേക്കുമായി ഈ ശീർഷകത്തിൽ 2.64 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 92-(02)** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം - ജൽ ജീവൻ മിഷൻ (NRDWP) 50%കേന്ദ്ര വിഹിതം- ജൽ ജീവൻ മിഷൻ (NRDWP) 50% സംസ്ഥാന വിഹിതം

50% കേന്ദ്രവിഹിതത്തിൽ പ്രവർത്തിക്കുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയായ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ 2025-26 സാമ്പത്തിക വർഷം 10.12 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു സഹായക പ്രവർത്തനങ്ങൾക്കും ജല ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പിലാക്കുന്നതിനും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ കൊടുത്തു തീർക്കാനുള്ള ബില്ലിന്റെ സംസ്ഥാനവിഹിത കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5926.66 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-99(01)** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം-പരിവേഷണവും സൂക്ഷ്മപരിശോധനയും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.48 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-101-97 - (1) - -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജലവിതരണം നഗര ശുദ്ധ ജലവിതരണ പദ്ധതി - കേരളാ പരിപ്രേക്ഷ്യ പദ്ധതി 2030 മുൻഗണനാ പദ്ധതികൾ നടപ്പാക്കൽ - നവീന സാങ്കേതിക വിദ്യകളും, ആധുനിക മാനേജ്മെന്റ് രീതികളും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 4.06 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-800-47 -** ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം-മറ്റുചെലവുകൾ-കുടിവെള്ള വിതരണവും- വരൾച്ച പരിഹാരവും

കുടിശ്ശിക ബിൽ തുക കൊടുക്കുന്നതിനും നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 - 01-004-99 -** ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജലവിതരണം- ഗവേഷണം-എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്

നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രതീക്ഷിത ചെലവുകൾക്കായും കേരള ജല അതോറിറ്റിയിൽ നെറ്റ്‌വർക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കംപ്യൂട്ടറുകൾ, പുതിയ സെർവർ, സോഫ്റ്റ്‌വെയർ

എന്നിവ വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 101- 94 -** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് ശുദ്ധജല വിതരണം - നഗര ജലവിതരണ പദ്ധതി- ADB സഹായത്തോടെയുള്ള കേരള നഗര ജല വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി (KUWSIP)(EAP)

കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്ന പാക്കേജ് ആരംഭിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 – 01-190-99-19 (31)** - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജല വിതരണം - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം - കേരള ജല അതോറിറ്റിക്കുള്ള സഹായധനം -സഹായധനം - ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 909.03 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -01-190-99-19- 36** - ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജലവിതരണം -പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം -കേരള ജല അതോറിറ്റിക്കുള്ള സഹായധനം-സഹായധനം -ശമ്പളേതരം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനും

ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , ലോണുകളുടെ തിരിച്ചടവ് , വൈദ്യുതി ചാർജ്ജ് എന്നിവ ഒടുക്കുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് , വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1439.38 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-190-99 (02)-31 -** ശുദ്ധജലവിതരണവും ശുചീകരണവും - മാലിന്യ നിവാരണവും ശുചീകരണവും-പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം-കേരളജല അതോറിറ്റിയ്ക്കുള്ള സഹായധനം -സഹായധനം -ശമ്പളം

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, വിരമിച്ച ജീവനക്കാരുടെ പെൻഷൻ, പെൻഷൻ ആനുകൂല്യങ്ങളായ ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ , മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവ നൽകുന്നതിനും ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, ജി.പി.എഫ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 24.94 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215 -02-190-99 (02)- 36 -** ശുദ്ധജലവിതരണവും ശുചീകരണവും -മാലിന്യ നിവാരണവും ശുചീകരണവും - പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റുമുള്ള സഹായം -കേരള ജല അതോറിറ്റിയ്ക്കുള്ള സഹായധനം - സഹായധനം - ശമ്പളേതരം.

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള സ്വീവറേജ് പദ്ധതികളുടെ നടത്തിപ്പിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നിവ നൽകുന്നതിനും ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ്, വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക ഒടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 33.68 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**<u>കെ.ആർ.ഡബ്ല്യൂ.എസ്.എ.</u>**

**(ജലനിധി)**

**2215 -01-800-64** - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം -മറ്റു ചെലവുകൾ- മഴവെള്ളക്കൊയ്ത്തിന്റെയും KRWSA യിലൂടെ GWR പരിപാടിയുടെയും അളവുയർത്തൽ

2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാൻ സാധിക്കാതിരുന്ന കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസി (KRWSA) മുഖേന നടപ്പിലാക്കുന്ന മഴവെള്ള കൊയ്ത്തിന്റെയും, ഗ്രൗണ്ട് വാട്ടർ റീചാർജ്ജിന്റെയും (GWR) അളവ് ഉയർത്തുന്നതിനുള്ള പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 8.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പരിഗണനാ വേളയിൽ ഭൂഗർഭ ജല റീചാർജ്ജിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും മുൻപ് ലഭിച്ചുകൊണ്ടിരുന്ന മഴയുടെ അളവിൽ വ്യത്യാസമില്ലെങ്കിലും ഒഴുകിവരുന്ന ജലം ഭൂഗർഭത്തിലേയ്ക്ക് ആഗിരണം ചെയ്യപ്പെടാതെ ഭൂമിയുടെ പ്രതലത്തിലൂടെ ഒഴുകി കടലിലേയ്ക്കോ കായലിലേയ്ക്കോ എത്തുന്ന സ്ഥിതിവിശേഷമുള്ളതിനാൽ ഭൂഗർഭത്തിലേയ്ക്കുള്ള മഴവെള്ളത്തിന്റെ ആഗിരണം വർധിപ്പിച്ച് ഭൂഗർഭജലത്തിന്റെ തോത് വർധിപ്പിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിക്കണമെന്നും ഈ പദ്ധതിയിൽ പങ്കാളികളാകുന്ന വ്യക്തികൾക്കും സമൂഹത്തിനും സബ്സിഡി അനുവദിക്കുന്നത് ഉചിതമായിരിക്കുമെന്നും വിലയിരുത്തിയ സമിതി, കുഴൽകിണറുകളിലും ഓപ്പൺ കിണറുകളിലും ഭൂഗർഭജല റീചാർജ്ജിംഗ് പ്രാവർത്തികമാക്കുന്നതിനുള്ള സിസ്റ്റം വികസിപ്പിക്കുകയും അതിന് വ്യാപക പ്രചാരണം നടത്തുകയും ഇതുസംബന്ധിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകുകയും വേണമെന്നും ആയത് പരീക്ഷണാർത്ഥത്തിൽ പ്രായോഗികമാക്കുന്നതിന് സെമി ക്രിട്ടിക്കൽ മേഖല തെരഞ്ഞെടുക്കുകയും പ്രവർത്തനങ്ങളെ ഇത്തരത്തിൽ കേന്ദ്രീകരിച്ചാൽ ഭാവിയിൽ ജലസുരക്ഷ ഉറപ്പാക്കാൻ സാധിക്കുമെന്നതിനാൽ നിലവിലുള്ള സിസ്റ്റം കാലോചിതമായി പരിഷ്കരിക്കുകയും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങളെ

ബോധവൽക്കരിക്കുന്നതിനും പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

**2215 -01-102-80 - ശുദ്ധജലവിതരണവും ശുചീകരണവും - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണ പദ്ധതി - പൊതുജന സഹായത്തോടുകൂടിയ ജലവിതരണ പദ്ധതിയ്ക്ക് സുസ്ഥിരത ഉറപ്പാക്കൽ**

2022-23 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ കൊടുത്തു തീർക്കാൻ സാധിക്കാതിരുന്ന പൂർത്തീകരിച്ച പ്രവൃത്തികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പ്രതീക്ഷിത ചെലവുകൾക്കായും ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 01- 102- 91 - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജല വിതരണം - ഗ്രാമീണ ജലവിതരണം -ജലനിധിയുടെ കീഴിലുള്ളജലവിതരണ പദ്ധതികളുടെ പൂർത്തീകരണം ഘട്ടം II**

ജലനിധി രണ്ടാംഘട്ടത്തിൻ കീഴിൽ പൂർത്തീകരിച്ച ജലവിതരണ പദ്ധതികളുടെ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ 5.6097 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 02- 102- 99(01) - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - മലിനജല നിവാരണവും ശുചീകരണവും - ഗ്രാമീണ ശുചിത്വ സേവനം -ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും-കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണം**

കമ്മ്യൂണിറ്റി നിയന്ത്രിത ജലവിതരണ പദ്ധതികളുടെ ജലത്തിന്റെ ഗുണനിലവാര നിരീക്ഷണ സംവിധാനം ഒരുക്കുന്നതിനായി ഗുണഭോക്തൃ സമിതികളിലെ പമ്പ് ഓപ്പറേറ്റർമാരെയും, വോളന്റിയർമാരെയും, ഗുണഭോക്താക്കളെയും, ഫീൽഡ് ടെസ്റ്റിനായി

പരിശീലിപ്പിക്കൽ, അതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, ഗ്രാമീണ മേഖലയിലുള്ള ഭവനങ്ങളിലെ മലിനജല നിർമ്മാർജ്ജനം സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കൽ, വീട്ടുവളപ്പിലെ മലിനജലം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്ന പ്രവൃത്തികളിൽ പരിശീലനം നൽകൽ എന്നീ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2022-23 സാമ്പത്തിക വർഷം മുതൽ ബജറ്റ് വിഹിതം പൂർണമായും ലഭിക്കാത്തതിനാൽ പൂർത്തീകരിക്കാൻ സാധിക്കാത്ത പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 - 02- 102- 99(02)** - ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് -മലിനജല നിവാരണവും ശുചീകരണവും-ഗ്രാമീണ ശുചിത്വ സേവനം-ജലത്തിന്റെ ഗുണനിലവാര നിരീക്ഷണവും ഗ്രേ വാട്ടർ മാനേജ്മെന്റും- ദുർബല വിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റ്

ദുർബല ജനവിഭാഗങ്ങളുടെ കോളനികളിൽ ഗ്രേ വാട്ടർ മാനേജ്മെന്റിനായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2215-01-003-99 -** ശുദ്ധജലവിതരണവും ശുചീകരണവും -ശുദ്ധജലവിതരണം - പരിശീലനം - ഐ.ഇ.സി., കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബ്

ജല സാക്ഷരതയ്ക്കും പരിസര ശുചിത്വത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പൊതുസമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പ്രചരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കുന്നതിനും ജലശ്രീ ക്ലബ്ബുകൾ സംസ്ഥാന വ്യാപകമാക്കുന്നതിന്റെ ഭാഗമായി പതിനായിരത്തോളം സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിലും ഹയർസെക്കൻഡറി സ്കൂളുകളിലും ജലശ്രീ ക്ലബ്ബ് മാർഗ്ഗരേഖ പ്രിന്റ് ചെയ്ത് വിതരണം

ചെയ്യുന്നതിനും ജില്ല സംസ്ഥാന തലങ്ങളിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പൊതുസമൂഹത്തിനും ജലസംബന്ധമായ മത്സരങ്ങൾ, സെമിനാറുകൾ, പ്രദർശനങ്ങൾ, പരിശീലന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിൻറെ പരിഗണനാ വേളയിൽ ജലശ്രീ ക്ലബ്ബുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുന്നത് മാത്രമല്ല, ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുകയും അതിനായി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തിയാൽ കൂടുതൽ ഫലപ്രദമാകുമെന്നും വിലയിരുത്തിയ സമിതി, വയനാട് ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് ജലശ്രീ ക്ലബ് രൂപീകരിച്ചിട്ടുള്ളതെന്ന ലിസ്റ്റ് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

**4215 – 01– 800– 82** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം- മറ്റു ചെലവുകൾ - ജലവിതരണ പദ്ധതികളുടെ ഉറവിട സുസ്ഥിരത ഉറപ്പുവരുത്തുന്നതിനായി ജലാശയങ്ങളുടെ പുനരുജ്ജീവനം

ശുദ്ധജല വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി കേരളത്തിലെ ജലാശയങ്ങൾ /തണ്ണീർ തടങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ ശാസ്താംകോട്ട കായലിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങൾക്ക് തുടക്കമിടുന്നതിനും സംസ്ഥാനത്തെ കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമുള്ള സമഗ്ര പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4215 – 01– 800– 81** – ശുദ്ധജലവിതരണവും ശുചീകരണവും സംബന്ധിച്ച മൂലധനച്ചെലവ് - ശുദ്ധജലവിതരണം– മറ്റു ചെലവുകൾ - പദ്ധതി

നടത്തിപ്പും നിരീക്ഷണവും

മഴവെള്ള സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നോഡൽ ഏജൻസിയായ കെ.ആർ.ഡബ്ള്യൂ .എസ് .എ-യുടെ കീഴിൽ സാമൂഹ്യാധിഷ്ഠിത ജലവിതരണ പദ്ധതികളുടെ നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും ഭാഗമായി 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ഭരണ/ സ്ഥാപന ചെലവുകൾക്കും പുതിയ സാങ്കേതിക സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

**റവന്യൂ വകുപ്പ്**
**(ലാന്റ് റവന്യൂ കമ്മീഷണറേറ്റ്)**
**ധനാഭ്യർഥന XXIX കൃഷി**
**ചെറുകിട ജലസേചനം**

**2702- 01- 800- 88-33** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റുചെലവുകൾ- പമ്പ് ഉപയോഗിച്ച് പുഞ്ചകൃഷിക്ക് വെള്ളം വറ്റിക്കുന്നതിനുള്ള സബ്സിഡി - സബ്സിഡികൾ.

ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പുഞ്ചകൃഷിക്ക് വേണ്ടി പമ്പ് ഉപയോഗിച്ച് വെള്ളം വറ്റിക്കുന്നതിന് വർദ്ധിപ്പിച്ച നിരക്കിലുള്ള സബ്സിഡി 2024-25 സാമ്പത്തിക വർഷത്തെ കുടിശ്ശിക സഹിതം, നൽകുന്നതിനായി ഈ ശീർഷകത്തിൽ 19 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത വിഷയം കൃഷിവകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ ടി ശീർഷകം കൃഷിവകുപ്പിന് കീഴിലേക്ക് മാറ്റുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് കൃഷി വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതായി നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത ഫയലിന്മേൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരികയാണെന്നും സി & എ.ജി.-യിലെ എൽ.എം.എസ്. പ്രകാരമാണ് ഒരു ശീർഷകം ഏത് സെക്ടറിൽ വരണമെന്നത് തീരുമാനിക്കാൻ സാധിക്കുകയുള്ളുവെന്നും

അക്കാര്യം വീണ്ടും പരിഗണിക്കാമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

**ജലസേചനവും ഭരണവും വകുപ്പ്**
**ധനാഭ്യർഥന നമ്പർ XXIX കൃഷി**
**(ചെറുകിട ജലസേചനം)**

**2702- 01- 800- 94-34** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റു ചെലവുകൾ- ചെറുകിട ജലസേചന പദ്ധതികളുടെ സംരക്ഷണം - മറ്റു ചെലവുകൾ

ജലസേചന വകുപ്പിന് കീഴിലുള്ള വിവിധ നിർമ്മിതികളുടെ സുഗമമായ പ്രവർത്തനത്തിനും അവയുടെ വാർഷിക പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും അപ്രതീക്ഷിതമായ കാലാവസ്ഥ വ്യതിയാനം കാരണം നിർമ്മിതികൾക്കുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 01- 800- 86** - ചെറുകിട ജലസേചനം - ഉപരിതലജലം - മറ്റുചെലവുകൾ- ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലിനമായ നദികൾ പുന:സ്ഥാപിക്കൽ

ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ നദികളുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും അതുവഴി ട്രൈബ്യൂണൽ ചുമത്താൻ സാധ്യതയുള്ള പിഴ ഒഴിവാക്കുന്നതിനുമുള്ള പദ്ധതികൾ പൂർണമായി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 98-(02)-34** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ - സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ - ചെറുകിട ജലസേചന പദ്ധതികളുടെ കേടുപാടു തീർക്കൽ - മറ്റു ചെലവുകൾ

ജലസേചന വകുപ്പിനു കീഴിലുള്ളതും കാലപ്പഴക്കംമൂലം പൂർണമായും

ഉപയോഗപ്രദമല്ലാത്തതുമായ നിർമ്മിതികളുടെ പുനരുദ്ധാരണ/നവീകരണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 98- (03) -34-3 -** ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ -വാട്ടർ ടാങ്കുകൾ- സംരക്ഷണപ്പണികൾ- മറ്റു ചെലവുകൾ -വെള്ളപ്പൊക്കനാശം മൂലമുള്ള അറ്റകുറ്റപ്പണികൾ -മറ്റു ചെലവുകൾ-മറ്റിനം

അപ്രതീക്ഷിതമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി തുടർച്ചയായുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം തോടുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിനായി ഈ ശീർഷകത്തിൽ 7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 03- 101- 95** - ചെറുകിട ജലസേചനം - സംരക്ഷണപ്പണികൾ- വാട്ടർ ടാങ്കുകൾ- നിലവിലുള്ള പ്രോജക്ട് ഏരിയയിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഒറ്റത്തവണ സഹായം

ജലസേചന വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങളിൽ ഭൂരിഭാഗവും കാലപ്പഴക്കമുള്ളവയും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ശോചനീയാവസ്ഥയിലുള്ളവയുമാണ്. പ്രസ്തുത കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2025-26 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ബജറ്റ് വിഹിതമില്ലാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞു. ബജറ്റ് പ്രൊവിഷനില്ലെങ്കിലും ബിൽ ക്ലിയർ ചെയ്യുന്നതിനുവേണ്ടി അഡീഷണൽ ഓതറൈസേഷൻ നൽകുന്നതാണെന്നും 2011-ൽ

ആരംഭിച്ച പുതിയ പദ്ധതി പ്രകാരം മേജർ പദ്ധതികൾ രൂപീകരിച്ചതിനുശേഷം കോർപ്പസ് ഫണ്ട് വയ്ക്കാറുണ്ടെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഒറ്റത്തവണ ധനസഹായമായി 2022-23-ൽ പ്രസ്തുത ശീർഷകത്തിൽ 200 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായെന്നും പിന്നീട് മൂന്നുവർഷമായി ബജറ്റ് വിഹിതമില്ലാത്തതുകൊണ്ട് ശീർഷകം ആട്ടോമാറ്റിക്കായി ഒഴിവാകുമെന്നാണ് ധനകാര്യവകുപ്പ് പറഞ്ഞിട്ടുള്ളതെന്നും നിയമസഭാ സെക്രട്ടേറിയറ്റ് ജോയിന്റ് സെക്രട്ടറി കൂട്ടിച്ചേർത്തു. തുടർന്ന് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ എല്ലാ സാമ്പത്തിക വർഷങ്ങളിലും തുക വകയിരുത്തേണ്ടത് അനിവാര്യമല്ലേയെന്ന് സമിതി ആരാഞ്ഞു. 2022-23-ൽ ഒറ്റത്തവണ ധനസഹായമായി 200 ലക്ഷം രൂപ ലഭിച്ചുവെങ്കിലും ആ വർഷം തുക ചെലവായിട്ടില്ലാത്തതിനാൽ 2023-24-ൽ ചെലവായ ബില്ലാണ് 93.25 ലക്ഷം ആയി ക്ലിയർ ചെയ്തതെന്നും ധനകാര്യ വകുപ്പിൽ നിന്നും തുക നൽകുന്നത് സർക്കാരിന്റെ മാത്രം ആഭ്യന്തര തീരുമാനവും ധനകാര്യ ബജറ്റിൽ പ്ലാൻ ഫണ്ടിൽ വർഷംതോറും എത്ര തുക വകയിരുത്തണമെന്നത് പ്ലാനിംഗ് ബോർഡിന്റെ മാത്രം തീരുമാനവുമാണെന്നും ആയത് ഒഴിവാക്കാൻ പ്രത്യേക ഉന്നതതലയോഗം ചേർന്ന് തീരുമാനമെടുക്കണമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

**2702- 80- 005- 99-34** - ചെറുകിട ജലസേചനം - ജനറൽ-അന്വേഷണം - ചെറുകിട ജലസേചന പണികളെപ്പറ്റിയുള്ള വിശദമായ അന്വേഷണവും- സംയോജിത പദ്ധതികൾ തയ്യാറാക്കലും - മറ്റു ചെലവുകൾ

ജനപ്രതിനിധികളിൽ നിന്നും കർഷക സമിതികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ചെറുകിട ജലസേചന പദ്ധതികൾ ഏറ്റെടുക്കുന്നതിന് മുന്നോടിയായുള്ള പര്യവേഷണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 99 -** ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ചെറുകിട ജലസേചന പദ്ധതി ക്ലാസ് -I

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50 ഹെക്ടറിനു മുകളിൽ 2000 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 89** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതല ജലം-മലബാർ ജലസേചന പാക്കേജ് (മിർപാ)- റെഗുലേറ്ററുകളുടെയും ലിഫ്റ്റ്ഇറിഗേഷൻപദ്ധതിയുടെയും പുനരുദ്ധാരണം.

മലബാർ മേഖലയിൽ ചെറുകിട ജലസേചനത്തിനായി നിലവിലുള്ള സ്കീമുകളുടെ പുനരുദ്ധാരണ, നവീകരണ പ്രവൃത്തികൾ നടപ്പിലാക്കി നിലവിലുള്ള ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സ്ഥലങ്ങളിൽ ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 87** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - കുളങ്ങളുടെ നവീകരണം

ജലസേചന സൗകര്യത്തിനുതകുന്ന പൊതുകുളങ്ങളുടെ നവീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 82** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ്സ് II

കാർഷിക ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലഭ്യമായ

എസ്റ്റിമേറ്റുകളും അപേക്ഷകളും അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ചെറുകിട കർഷകർക്ക് സഹായകരമായ തരത്തിൽ 50 ഹെക്ടർ വരെ വിസ്തൃതിയുള്ള സ്ഥലത്ത് ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 79** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധന ച്ചെലവ്- ഉപരിതലജലം - ചെക്ക് ഡാമുകളും റെഗുലേറ്ററുകളും

വരൾച്ച പ്രതിരോധിക്കുന്നതിനും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുമായി നദികളിലും പുഴകളിലും തോടുകളിലും ചെക്ക് ഡാമുകൾ/ റെഗുലേറ്ററുകൾ നിർമ്മിച്ച് ജലസംഭരണം നടത്തുന്നതിനായി നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 77** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതല ജലം -കാവേരി ബേസിനിലെ ചെറുകിട ജലസേചന പദ്ധതികൾ

കാവേരി നദീജല തർക്ക പരിഹാര ട്രിബ്യൂണൽ വഴി കേരളത്തിന് അനുവദിച്ച ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിനായി കബനി നദീതടത്തിൽ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 73** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം -ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ

പുനഃസ്ഥാപനം

അപ്രതീക്ഷിതമായ വെള്ളപ്പൊക്കവും മഴക്കെടുതിയുംമൂലം എൽ.ഐ പദ്ധതികൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വലിയ തോതിൽ നാശ നഷ്ടങ്ങൾ സംഭവിക്കുന്നതിനാൽ അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രവർത്തന രഹിതമായ എൽ.ഐ. പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കും കൂടുതൽ പ്രദേശത്ത് കാർഷിക ആവശ്യങ്ങൾക്കായി ജലം ലഭ്യമാക്കുന്നതിനാവശ്യമായ ലീഡിംഗ് ചാനലിന്റെ നിർമ്മാണത്തിനും നിലവിലുള്ള കനാലുകളിലെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 66** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്-ഉപരിതല ജലം -ചെറുകിട ജലസേചന പദ്ധതികൾ ക്ലാസ്സ് I- (ഹരിത കേരളം)

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 65** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ചെറുകിട ജലസേചന പദ്ധതി ക്ലാസ് II- ഹരിത കേരളം

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി

തീരുമാനിച്ചു.

**4702- 00- 101- 64** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ് - ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - പ്രാദേശിക ജലസ്രോതസ്സുകളുടെ സംരക്ഷണം

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്താത്ത ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 101- 63-(01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഉപരിതലജലം - ടാങ്കുകളുടെയും കുളങ്ങളുടെയും നവീകരണം - ഹരിത കേരളം പദ്ധതികൾ-മരാമത്തുകൾ

ഹരിത കേരളം പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനായി ഹരിത കേരളം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർഥന നമ്പർ XXIX – [കൃഷി (ചെറുകിട ജലസേചനം)] (സംസ്ഥാന ഭൂജല വകുപ്പ്)

ഭൂജല പര്യവേഷണം, ഭൂജല വികസനം, ഭൂജല വിഭവശേഷി തിട്ടപ്പെടുത്തൽ, പ്രൊക്യൂർമെന്റ്-റിപ്പയർ & മെയിന്റനൻസ്, ജല ഗുണനിലവാര നിർണ്ണയം തുടങ്ങിയ പ്രവൃത്തികൾക്കായി 2702-02-005-99 (ഭൂഗർഭ ജല പര്യവേക്ഷണവും വികസനവും) എന്ന പദ്ധതി ശീർഷകത്തിൽ കീഴിലെ വിവിധ കണക്കിനങ്ങളിലായി ആകെ 1798.54 ലക്ഷം രൂപ അധികമായി അനുവദിക്കേണ്ടതുണ്ടെന്ന് ഭൂജല വകുപ്പ് ഡയറക്ടർ (ഇൻചാർജ്ജ്) സമിതിയെ അറിയിച്ചു. തുടർന്ന് ഓരോ കണക്കിനങ്ങളായി സമിതി പരിശോധിച്ചു.

**2702- 02- 005-99-05-4- -** ചെറുകിട ജലസേചനം - ഭൂഗർഭജലം -അന്വേഷണം- ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും- ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ

ഓഫീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള എല്ലാ ചെലവുകളും നിർവ്വഹിക്കുന്ന പ്രസ്തുത ശീർഷകത്തിൽ ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2.9 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 005-99-00-19-** ചെറുകിട ജലസേചനം -ഭൂഗർഭജലം -അന്വേഷണം- ഭൂഗർഭജലത്തിനുള്ള അന്വേഷണവും വികസനവും- യന്ത്രോപകരണങ്ങൾ

ഡ്രില്ലിംഗ് റിഗ്ഗുകളുടെ റിപ്പയർ , പുതിയ ഡ്രില്ലിംഗ് സാമഗ്രികൾ വാങ്ങൽ തുടങ്ങിയ ചെലവുകൾക്കായും സാധനങ്ങളുടെ വിലയിലും ട്രാൻസ്പോർട്ടേഷൻ നിരക്കുകളിലും ഇതുമായി ബന്ധപ്പെട്ട മറ്റ് ഇനങ്ങളിലുമുണ്ടായ കാലാനുസൃതമായ വർദ്ധനവ് മൂലമുള്ള അധിക ചെലവ് നിർവ്വഹിക്കുന്നതിനും കൂടാതെ പതിനഞ്ച് വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ സ്ക്രാപ്പേജ് പോളിസിയുടെ അടിസ്ഥാനത്തിൽ 24 കുഴൽ കിണർ നിർമ്മാണ റിഗ്ഗുകളുടെയും ഒരു പമ്പിങ് ടെസ്റ്റ് യൂണിറ്റിന്റെയും രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 14.0714 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702-02-005-99-00-21-1-P-V - MOTOR VEHICLES-New Sub Head**

പതിനഞ്ച് വർഷത്തിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഉപേക്ഷിക്കാനുള്ള കേന്ദ്രസർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ ഭൂജല വകുപ്പിന്റെ രജിസ്ട്രേഷൻ റദ്ദാക്കപ്പെട്ട 33 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾക്കും 20 ഹെവി ലോറികൾക്കും പകരമായി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായും ഫീൽഡ്തല ആവശ്യങ്ങൾക്കായി ആദ്യഘട്ടമെന്ന നിലയിൽ നാല് e-vehicle വാങ്ങുന്നതിനും ഡ്രില്ലിംഗിന് ആവശ്യമായി വരുന്ന പൈപ്പുകൾ,

ഗ്രാവൽ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ കുഴൽ കിണർ നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ ലഭ്യമാക്കുന്നതിനായി ആദ്യഘട്ടം എന്ന നിലയിൽ ഏഴ് പുതിയ ലോറികൾ വാങ്ങുന്നതിനായും 2702-02-005-99-00-21 എന്ന പദ്ധതിശീർഷകത്തിൻ കീഴിൽ (1) എന്ന പുതിയ ഉപശീർഷകം ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 2.55 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702-02-005-99-97-P-V - <u>(Hire Charges of Motor Vehicles- New Sub Head)</u>**

28.06.2022 തീയതിയിലെ ധനകാര്യ (രഹസ്യ) വകുപ്പിന്റെ സ.(ഉ).അ നമ്പർ 78/2022/ധന ഉത്തരവ് പ്രകാരം വാടകയ്ക്കെടുക്കുന്ന വാഹനത്തിന്റെ വാടക ചെലവ് 2702-02-005-99-97 എന്ന ശീർഷകത്തിൽ നിന്നും വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. വകുപ്പിന്റെ വാഹനങ്ങൾ condemn ചെയ്യുന്നതിന് പകരമായി പുതിയവ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുള്ളതിനാൽ എല്ലാ ജില്ലകളിലും വാഹനങ്ങൾ വാടകയ്ക്ക് എടുത്താണ് ദൈനംദിനാവശ്യങ്ങൾ നടത്തിവരുന്നത്. എന്നാൽ പ്രസ്തുത ചെലവിനായി ബജറ്റിൽ തുക അനുവദിച്ചിട്ടില്ലാത്തതിനാൽ വകുപ്പിന്റെ പ്രവർത്തനത്തെ ഇത് സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ 2702-02-005-99 എന്ന പദ്ധതി ശീർഷകത്തിൻ കീഴിൽ 97 എന്ന ഉപ ശീർഷകം ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 1.25 കോടി രൂപ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**2702- 02- 103-99** - ചെറുകിട ജലസേചനം - ഭൂഗർഭജലം - കുഴൽ കിണറുകൾ - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

ജലക്ഷാമമുള്ള പ്രദേശങ്ങളിൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി 50 ചെറുകിട കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം, 50 കുഴൽ കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികൾ, 20 റീചാർജ്ജ് പദ്ധതികളുടെ പുനരുദ്ധാരണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി

ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**4702- 00- 102- 94 -(01)** - ചെറുകിട ജലസേചനം സംബന്ധിച്ച മൂലധനച്ചെലവ്- ഭൂഗർഭജലം - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി- മരാമത്തുകൾ.

കുടിവെള്ള ലഭ്യത പൂർണമായോ ഭാഗീകമായോ ഇല്ലാത്ത പ്രദേശങ്ങളിലെ 2500 കുടുബങ്ങൾക്ക് കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ സാധിക്കുന്ന തരത്തിൽ 60 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും, 190 ബോർവെൽ / ട്യൂബ് വെൽ എന്നിവ നിർമ്മിക്കുന്നതിനും, 10 ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

II **റിപ്പോർട്ട് പരിഗണന**

**2023-24 ലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 29-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് (കാലതാമസ പത്രിക സഹിതം)- പരിഗണന**

(ഫയൽ നം. 5364/സബ്.സി.എ.1/2023/ലെ.ജി.)

2023-24 ലെ ധനാഭ്യർഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ 29-ാം നമ്പർ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്, ആയതിന്മേലുള്ള കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

വൈകുന്നേരം 4.00 മണിക്ക് യോഗം അവസാനിച്ചു

***************

# പതിനഞ്ചാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി III (ജലവിഭവം)

## 25.02.2025-ലെ യോഗനടപടിക്കുറിപ്പ്

ജലവിഭവം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി-III 2025 ഫെബ്രുവരി മാസം 25-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 02.00-മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3-എ' സമ്മേളന ഹാളിൽ സമിതി ചെയർപേഴ്സണും ബഹു.ജലവിഭവ വകുപ്പുമന്ത്രിയുമായ ശ്രീ. റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ സന്നിഹിതരായിരുന്നു.

**ഹാജരായ അംഗം:**

ശ്രീ. ആന്റണി രാജു, എം.എൽ.എ.,

**വീഡിയോ കോൺഫറൻസിംഗ് മുഖേന പങ്കെടുത്ത അംഗങ്ങൾ:**

1. ശ്രീ. കെ. ജെ. മാക്സി, എം.എൽ.എ.,
2. ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ.,

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. ആർ. എസ്. സന്തോഷ്കുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. ഷാജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വിനോദ്കുമാർ എം. കെ., അണ്ടർ സെക്രട്ടറി

സമിതി, 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് അഞ്ചാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 2.20-ന് യോഗം അവസാനിച്ചു.